Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 കർക്കടകം 11—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂലൈ 27 | ലക്കം 48

## ലയോളായിലെ വിശുദ്ധൻ.

(ജെ. വട്ടങ്കി എസ്. ജെ.)

ദൈവപരിപാലനയുടെ കേളീരംഗമാണു് തിരുസഭ. പന്ത്രണ്ടു മുക്കുവരെക്കൊണ്ടാണു് സഭ ആരംഭിച്ചതു്. താമസംവിനാ യവനജാതികളുടെ മുമ്പിൽ ക്രിസ്തീയതത്വം പ്രസംഗിക്കുന്നതിനു പണ്ഡിതനായ സാവൂൾ ആനീതനായി. പാഷണ്ഡതകളെ പിഴുതുകളവാൻ വി. ക്രിസോസ്തോമോസും, വി. ആഗുസ്തീനോസും നിയോഗിക്കപ്പെട്ടു. മദ്ധ്യയുഗങ്ങളിൽ തത്വശാസ്ത്രം അതിന്റെ പാരമ്യത്തെ പ്രാപിച്ചപ്പോൾ, വിജ്ഞാനത്തിന്റെയും നവീനതയുടേയും പേരിൽ ജ്ഞാനാന്വേഷികൾ കൂടുതൽ കൂടുതലായി പൗരാണികപേയ്ഗനിസത്തിലേക്കു തിരിഞ്ഞോടിയപ്പോൾ, അരിസ്റ്റോട്ടലിനെ ആകപ്പാടെ അരിച്ചും, ആവുന്നിടത്തോളം അനുകരിച്ചും അനശ്വരക്രിസ്തീയതത്വങ്ങളെ പുനഃപ്രകാശിപ്പിക്കുവാൻ പണ്ഡിതനായ വി. അക്വൈനാസ് അവിശ്രാന്തപരിശ്രമം ചെയ്തു. അധികകാലം കഴിഞ്ഞില്ല; ലൂതർ പ്രോട്ടസ്റ്റൻറിസത്തിന്റെ പിതാവായി രംഗപ്രവേശം ചെയ്തു. അദ്ദേഹത്തിന്റെ തൊണ്ണൂറു പ്രമാണങ്ങളെ വിററൻബെർഗ്ഗ് കോളേജിലെ ഭിത്തിയിൽ ഒട്ടിച്ചു. ടെററ്സലിനെ നിശിതവിമർശനംചെയ്തു. പാപ്പാധിപത്യത്തെ നിരാകരിച്ചു. പാഷണ്ഡത സർവ്വത്ര പടന്നുപിടിച്ചു. ഈ അവസരത്തിൽ വി. ഇഗ്നേഷ്യസ് ഈശോസഭാസ്ഥാപകനായി രംഗപ്രവേശംചെയ്തു. 1521-ൽ നവാറും (സ്പെയിനും) ഫ്റാൻസും തമ്മിലുണ്ടായ പോരാട്ടത്തിൽ നവാർഭാഗത്തെ നായകനായ ഇഗ്നേഷ്യസിനു് ഒരു വലിയ പരുക്കേററു. കാലിനായിരുന്നു കേടു്. രണ്ടുമൂന്നു പ്രാവശ്യം അറുത്തുമുറിക്കേണ്ട ആവശ്യമുണ്ടായിരുന്നു. അവയെല്ലാം കൂസൽകൂടാതെ ശരീരസൗഖ്യത്തിനായി സഹിച്ചു. രോഗം ഭേദമാകുവാനായി കാത്തിരുന്ന അവസരത്തിൽ വായിക്കുവാനായി ചില നോവലുകൾ ആവശ്യപ്പെട്ടു. എന്നാൽ അവിടെ നോവലുകളില്ലായിരുന്നു. പകരം ക്രിസ്തുവിന്റെ ജീവചരിത്രം നൽകി. കൂടാതെ ചില പുണ്യവാന്മാരുടെ ജീവിതകഥകളും ഇഗ്നേഷ്യസ് വായിച്ചു. ഫലമോ? ഒരു വിചാര-വികാര-വിപ്ലവം. അദ്ദേഹം സ്വയം ചിന്തിക്കുവാൻ തുടങ്ങി: "അവനും അവൾക്കും ക്രിസ്തുവിന്റെ സുദൃഢസ്നേഹിതരാകാമെങ്കിൽ എന്തുകൊണ്ടു എനിക്കും പാടില്ല?" ലയോള സൗധത്തിൽ ശോകഭരിതമായി ദിനരാത്രങ്ങളെ തള്ളിവിട്ടുകൊണ്ടിരുന്ന ഇഗ്നേഷ്യസു് ഒരു നിശ്ചയംചെയ്തു.

26 വയസ്സുവരെ ലൗകികാഡംബരത്തിലും സുഖഭോഗത്തിലും മുങ്ങിക്കളിച്ചും, രണാങ്കണത്തിൽ ചുടുരക്തം ചിന്തുവാനുള്ള ആവേശഗ്രസിതനായും ജീവിച്ച അദ്ദേഹത്തിൽ ഒരു പരിവർത്തനമുണ്ടായി. കീർത്തിയുടേയും പ്രേമത്തിന്റേയും പിറകെ പാഞ്ഞുകൊണ്ടിരുന്ന ആ പടയാളി രോഗശയ്യയിൽനിന്നു് എഴുന്നേററതോടെ, ലോകരുടെ മുൻപിൽ പരാജിതനായ ക്രിസ്തുവിന്റെ പാദമുദ്രകളെ പിൻചെല്ലുവാൻ തത്രപ്പെട്ടു. ഇഗ്നേഷ്യസ് അനുതാപചിത്തനായി; അശ്രുകണങ്ങൾ ധാരധാരയായി ചിന്തി. സ്നേഹനാഥന്റെ നേരെ താൻ കാണിച്ച കടുംകൈകൾ! ഈ ചിന്തകളോരോന്നും ഇഗ്നേഷ്യസിന്റെ ദിവ്യസ്നേഹവഹ്നിക്കു് ആളിക്കത്തുവാൻവേണ്ട ഇന്ധനശ്രേണിയായിമാത്രം രൂപാന്തരപ്പെട്ടു.

1522 ഫെബ്രുവരി 23 മുതൽ വിശുദ്ധൻ മൻറേസയിൽ ധ്യാനനിരതനായി ദിനരാത്രങ്ങൾ കഴിച്ചു. സ്വന്തശരീരത്തെ പീഡകളനുഭവിപ്പിക്കുന്നതിൽ ഒരു പ്രത്യേകാനന്ദം ഇഗ്നേഷ്യസനുഭവിച്ചിരുന്നു. ദിവസത്തിൽ ഏഴുമണിക്കൂർ പ്രാർത്ഥന; യാചിച്ചുലഭിച്ചതുമാത്രം ഭക്ഷണം; ദിനംതോറും ദിവ്യബലിയിൽ സംബന്ധിക്കും. ഇങ്ങനെയായിരുന്നു വിശുദ്ധന്റെ അക്കാലത്തെ ജീവിതപരിപാടി. മൻറേസയിൽ വച്ചായിരുന്നു കഥാപുരുഷൻ തന്റെ സുപ്രസിദ്ധആദ്ധ്യാത്മികാഭ്യാസങ്ങൾ (Spiritual Exercises) രചിച്ചതും.

മൻറേസാവാസം കഴിഞ്ഞു് അദ്ദേഹം പലസ്തീനായിലേക്കു ഒരു തീർത്ഥയാത്ര നടത്തുകയും ജറുസലേം, ഗത്സെമിനി, കാൽവരി മുതലായ തീർത്ഥകേന്ദ്രങ്ങൾ ഭക്തിപുരസ്സരം സന്ദർശിച്ചതിന്റെശേഷം 1524-ൽ വിശുദ്ധൻ സ്പെയിനിൽ തിരിച്ചെത്തുകയുംചെയ്തു.



വിശുദ്ധ ഇഗ്നേഷ്യസ് ലയോള

1955 ജൂലൈ 31 മുതൽ 1956 ജൂലൈ 31 വരെ

ചരമത്തിന്റെ നാലാം ശതാബ്ദ്ജൂബിലിവത്സരം

ഒരു യഥാർത്ഥ അപ്പസ്തോലികജീവിതത്തിന്റെ മൗലികാവശ്യം സുദൃഢമായ ജീവിതപരിശുദ്ധിയാണു്. എന്നാൽ പാണ്ഡിത്യവും അതിനു് അത്യന്താപേക്ഷിതമത്രെ. ഇഗ്നേഷ്യസ് ഇക്കാര്യം നല്ലവണ്ണം ഗ്രഹിച്ചിരുന്നു. അതുകൊണ്ടാണു് 1524-ൽ, 33-ാമത്തെ വയസ്സിൽ അദ്ദേഹം ലത്തീൻഭാഷാപഠനമാരംഭിച്ചതു്. തുടർന്നു് തത്വശാസ്ത്രവും ദൈവശാസ്ത്രവും വിശുദ്ധൻ വശമാക്കി. ബാർസലോണ, ആല്കല എന്നീ സ്ഥലങ്ങളിലെ പഠനാനന്തരം 1526-ൽ ഉപരിപഠനത്തിനായി ഇഗ്നേഷ്യസ് പാരീസിലേക്കു പുറപ്പെട്ടു. ഇവിടെ വച്ചായിരുന്നു, വി. ഫ്റാൻസിസ് സേവ്യർ, പീററർ ഫേബർ, ഡിയോഗൊ ലയിനസ്, അൽഫോൻസസു് സാൽമറോൺ, സൈമൺ റോഡ്റിഗ്വസ്, നിക്കോളസ് ബൊബഡില്ല എന്നിവർ വിശുദ്ധനെ അനുഗമിച്ചതും, ആദ്ധ്യാത്മികാഭ്യാസങ്ങൾ—ധ്യാനം—കഴിച്ചതും. ഈ ചെറുസംഘം ഒന്നുചേർന്നാലോചിച്ചു, ഏതുവിധം ക്രിസ്തുവിനുവേണ്ടി ഫലവത്തായി പ്രവർത്തിക്കുവാൻ കഴിയുമെന്നു്. അവസാനം ജീവിതം മുഴുവനും ദാരിദ്ര്യവും കന്യാവ്രതവും അനുഷ്ഠിക്കുവാൻ വ്രതം ചെയ്യണമെന്നു നിശ്ചയിച്ചു. 1534 ആഗസ്റ്റ് 15-ാം തീയതി ഇഗ്നേഷ്യസും സഹപ്രവർത്തകരും പ്രഥമവ്രതവാഗ്ദാനം നടത്തി. 1536 ൽ ക്ലോഡ്ലെജെ, ജാർ കോർഡ്യൂർ എന്ന രണ്ടുപേർകൂടെ ഇഗ്നേഷ്യസിനെ അനുകരിച്ചു.

ഇഗ്നേഷ്യസിനെ അനുഗമിച്ചു എല്ലാവരും 1535-ൽ വെനീസിൽ എത്തിയപ്പോഴേക്കും തുർക്കികളും വെനീസും തമ്മിൽ യുദ്ധം പ്രഖ്യാപനം ചെയ്കതിനാൽ വിശുദ്ധസ്ഥലങ്ങളിലേക്കുദ്ദേശിച്ച തീർത്ഥയാത്ര അസാദ്ധ്യമായിത്തീർന്നു. അവർ പരിശുദ്ധ പിതാവിന്റെ തൃക്കരങ്ങളിൽ തങ്ങളുടെ ഭാവിയെ സമർപ്പിച്ചു. അവിടുത്തെ അനുവാദപ്രകാരം എല്ലാവരും പുരോഹിതപട്ടം സ്വീകരിച്ചു. റോമിലും പരിസരപ്രദേശങ്ങളിലും അവർ അപ്പസ്തോലിക ജോലികളിൽ ശ്രദ്ധരായിത്തീർന്നു.

ഒരു പുതിയ സന്യാസിസഭയായി തങ്ങളെത്തന്നെ രൂപീകരിക്കുകയാണു് അപ്പസ്തോലിക ജീവിതത്തിനു ഏററവും പററിയതെന്നു് അവർ നിശ്ചയിച്ചു. പല വിഷമങ്ങൾക്കുശേഷം മൂന്നാം പൗലോസ് മാർപ്പാപ്പാ 1540-സെപ്ററംബർ 27-ാംനു- Regimini militantis Ecclesiae എന്ന തിരുവെഴുത്തു പ്രകാരം ഈശോസഭയെ കാനോനികമായി സ്ഥാപിച്ചു. അവരുടെ അനിഷേധ്യനേതാവായിരുന്ന ഇഗ്നേഷ്യസ് ആ പുതിയ സഭയുടെ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു. യഥാസമയം എല്ലാവരും സന്യാസവ്രതവാഗ്ദാനവും ചെയ്തു.

വളർന്നുവന്ന സഭയുടെ ശാഖകൾ പല രാജ്യങ്ങളിലും സ്ഥാപിക്കപ്പെട്ടു. അവയുടെയെല്ലാം ഭരണഭാരം പ്രധാനമായി ഇഗ്നേഷ്യസ് തന്നെ വഹിക്കേണ്ടിയിരുന്നു. സഭാഭരണത്തോടൊപ്പം അപ്പസ്തോലികപ്രവർത്തനങ്ങളും നടത്തുവാൻ വിശുദ്ധൻ ആഗ്രഹി

ആദ്ധ്യാത്മികവീഥി

# ആദ്ധ്യാത്മികോപദേഷ്ടാവ്

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

മനുഷ്യരുടെ രക്ഷയിലും വിശുദ്ധീകരണത്തിലും തന്നോടുകൂടി മനുഷ്യരും സഹകരിക്കണമെന്നാണു് നമ്മുടെ ദിവ്യരക്ഷകൻ നിശ്ചയിച്ചിരിക്കുന്നതു്. മനുഷ്യരെക്കൊണ്ടു മനുഷ്യരുടെ രക്ഷയും വിശുദ്ധീകരണവും സാധിക്കണമെന്നുദ്ദേശിച്ചുകൊണ്ടു് മീൻപിടുത്തക്കാരായിരുന്ന ശ്ലീഹന്മാരെ മനുഷ്യരെപ്പിടുത്തക്കാരാക്കാമെന്നു് അവിടുന്നു പറയുകയും അതിനായി പരിശീലിപ്പിക്കയും ചെയ്തു. മാത്രമല്ല, സർവ്വജാതി ജനങ്ങളോടും തൻെറ സുവിശേഷം പ്രസംഗിക്കുന്നതിനു അവരോടു ആജ്ഞാപിക്കയും അവരെ കേൾക്കുന്നവർ തന്നെയാണു് കേൾക്കുന്നതെന്നു ഉൽബോധിപ്പിക്കയും ചെയ്തു. അതിനാൽ രക്ഷപെടുന്നതിനും പുണ്യത്തിൽ വർദ്ധിക്കുന്നതിനും ആഗ്രഹിക്കുന്നവർ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരേയും അവരാൽ നിയുക്തരായ വൈദികരേയും ആശ്രയിക്കാതെ ഗത്യന്തരമില്ല.

തിരുസഭയുടെ ആരംഭത്തിൽതന്നെ നടന്ന ഒരു സംഭവം ശ്രദ്ധേയമാണു്. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനായി ദമാസ്കസിലേക്കു പോയ സാവൂളിനെ മാർഗ്ഗമദ്ധ്യേ ഒരത്ഭുതപ്രകാശത്താൽ നിലത്തു വീഴ്ത്തി "സാവൂൾ, സാവൂൾ നീ എന്തിനു എന്നെ പീഡിപ്പിക്കുന്നു?" എന്നു ചോദിച്ചതു മിശിഹാതന്നെയാണു്. എന്നാൽ "കർത്താവേ, ഞാൻ എന്തു ചെയ്യണം?" എന്നയാൾ ചോദിച്ചപ്പോൾ അയാൾ ചെയ്യേണ്ടതെല്ലാം നേരിട്ടു പറഞ്ഞുകൊടുക്കാതെ പട്ടണത്തിലേക്കു ചെന്നു അനനിയാസിനോടു ചോദിക്കാനാണു പറഞ്ഞതു്. സാവൂൾ ഉടനെ ആ കല്പന അനുസരിക്കയും അനനിയാസിൻെറ ഉപദേശം സ്വീകരിച്ചു ക്രിസ്ത്യാനിയാകുകയും ചെയ്തു.

അതുപോലെ തന്നെ നമ്മുടെ ജീവിതം കുറേക്കൂടി നന്നാക്കണമെന്നു് നമ്മെ പ്രേരിപ്പിക്കുന്ന മിശിഹാ സാവൂളിനോടു പറഞ്ഞതുപോലെ നമ്മോടും ഒരു അനനിയാസിനെ—ആത്മീയോപദേഷ്ടാവിനെ—സമീപിക്കുന്നതിനു് ആജ്ഞാപിക്കുന്നു. നാം അദ്ദേഹത്തെ അനുസരിക്കുന്നപക്ഷം മിശിഹായെത്തന്നെയാണു് അനുസരിക്കുന്നതെന്നു് ധൈര്യമായിരിക്കാം.

ഇതു ഏതു സ്ഥിതിയിൽ ഇരിക്കുന്ന ആളുകളെ സംബന്ധിച്ചും വാസ്തവമാണു്. പാപികൾ മാത്രമല്ല, പുണ്യമാർഗ്ഗത്തിൽക്കൂടി മുമ്പോട്ടു ചരിക്കുന്നവരും ദൈവാനുഗ്രഹത്താൽ പുണ്യത്തിൽ വളരെ അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നവരും എല്ലാം ആത്മീയപിതാക്കന്മാരെ ആശ്രയിക്കണമെന്നാണു് ദൈവതിരുമനസ്സു്. എത്ര സമർത്ഥന്മാരായ വൈദ്യന്മാർ പോലും തങ്ങൾക്കു എന്തെങ്കിലും രോഗം പിടിപെട്ടാൽ സ്വയം ചികിത്സിക്കുന്നതിനു ധൈര്യപ്പെടാതെ മററാരെയെങ്കിലുംവിളിക്കുകയാണല്ലോ പതിവു്.

ആരും തന്നെത്തന്നെ ശരിയായി വിധിക്കുന്നതിനു പ്രാപ്തരല്ല. അതിനാൽ എളിമയോടുകൂടി മറെറാരാൾക്കു വിധേയനായി അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം പ്രവർത്തിക്കണം. അതാണു് ഏററവും സുരക്ഷിതമായ മാർഗ്ഗം.

വി. അമ്മത്രേസ്യായോടു നമ്മുടെ കർത്താവുതന്നെ നേരിട്ടു ചില സംഗതികൾ പറഞ്ഞിട്ടുണ്ടു്. പുണ്യവതി ആ സന്ദേശത്തെപ്പററി തൻെറ ആത്മീയപിതാവിനോടു ചോദിച്ചിട്ടല്ലാതെ ഒരിക്കലുംഒന്നുംചെയ്തിട്ടില്ല. മറിച്ചുപ്രവർത്തിച്ചിരുന്നെങ്കിൽ പിശാചിനാൽ വഞ്ചിക്കപ്പെടുന്നതിനു എളുപ്പമുണ്ടായിരുന്നു. അതിനാൽ നമുക്കും ഒരാദ്ധ്യാത്മികോപദേഷ്ടാവിനെ ആശ്രയിക്കാം. എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

---

ച്ചു. പട്ടിണിയിൽപ്പെട്ട അഗതികളേയും കുഞ്ഞുങ്ങളേയും സംരക്ഷിച്ചു. അസാന്മാർഗ്ഗികളായിരുന്ന സ്ത്രീകൾക്കു ഒരാലയം പണിചെയ്തു് അവരെ സന്മാർഗ്ഗത്തിലേക്കു് തിരിച്ചുകൊണ്ടുവന്നു.

പതിനെട്ടു വർഷങ്ങളോളം ഇഗ്നേഷ്യസ് റോമയിൽ പ്രവർത്തിച്ചു; ക്ഷീണിച്ചു. തൻെറ സ്നേഹനാഥൻെറ പക്കലേക്കു് പറന്നെത്തുവാൻ ആ വിശുദ്ധാത്മാവാകുന്ന പൈങ്കിളി തത്രപ്പെട്ടു. 1556 ജൂലൈമാസത്തിൽ വിശുദ്ധൻ രോഗാധീനനായി. 31-ാംനു- രാവിലെ ഇഗ്നേഷ്യസ് തൻെറ പാവനാത്മാവിനെ ദൈവതൃക്കരങ്ങളിൽ കയ്യാളിച്ചു.

അടുത്തവർഷം ജൂലൈ 31നു് നാലു ശതാബ്ദങ്ങൾ തികയും ഉജ്ജ്വലത്തായിരുന്ന ആ ദീപം അണഞ്ഞിട്ടു്—വിശുദ്ധൻെറ പാവനാത്മാവു് പരലോകപറുദീസായിൽ എത്തിച്ചേർന്നിട്ടു്. അതുകൊണ്ടു് ഈ മാസം 31നു് വിശുദ്ധൻെറ ചരമത്തിൻെറ 4-ാംശതാബ്ദപൂർത്തി സംബന്ധിച്ച ജൂബിലിവർഷം സമാരംഭിക്കുകയാണു്. ആ മനോഹരദീപത്തിൽനിന്നു പ്രസരിച്ച മഞ്ജുളമയൂഖങ്ങൾ ഒരലൗകികപ്രകാശം ലോകമാകെ പരത്തി വിരാജിക്കുന്നു. വിശുദ്ധൻെറ പ്രവർത്തനങ്ങളിൽക്കൂടെ, ആദ്ധ്യാത്മികാഭ്യാസങ്ങളും ഈശോസഭയും വഴിയായി, ഇഗ്നേഷ്യസ് ഇന്നും ജീവിക്കുന്നു. ഈ വർഷത്തെ ഈശോസഭലോകം മുഴുവനിലും ഒരിഗ്നേഷ്യൻ വർഷമായി ആചരിക്കു...വാൻ നിശ്ചയിച്ചിട്ടുണ്ടു്.

---

# സത്യദീപം

## 29-ാം വയസ്സിലേക്കു്

ഈ ലക്കത്തോടുകൂടി സത്യദീപത്തിൻെറ 28-ാംവാല്യം അവസാനിക്കുന്നു. ഭാരതത്തിൻെറ സ്വാതന്ത്ര്യസമ്പാദനദിനത്തേയും, സ്വർഗ്ഗരാജ്ഞിയായ പരിശുദ്ധകന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണമഹാസംഭവത്തേയും അനുസ്മരിച്ചു്

## ആഗസ്റ്റ് 10-ാംനു-

കൂടുതൽ പേജുകളോടും
നൂതനസംവിധാനങ്ങളോടുംകൂടി
29-ാം വാല്യം 1-ാം ലക്കം

## "സ്പെഷൽ പതിപ്പ്"

പുറത്തിറങ്ങുന്നതാണ്

സൂചന:—

സത്യദീപത്തിൻെറ ഓരോ വാല്യവും കൂട്ടിക്കുത്തി പുസ്തകമായി സൂക്ഷിക്കുക. വിഷയസൂചി ഈ ലക്കത്തോടുകൂടി അയക്കുന്നുണ്ടു്.

പുതിയ വരിക്കാരായി ചേരുവാനും, പഴയ ഇടപാടുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ തീർത്തു, പുതിയ വാല്യത്തിനു മുൻകൂറടയ്ക്കുവാനുമുള്ള അവസരം ഇതാണു്.

"സ്പെഷൽപതിപ്പി"ൻെറ ജോലിമൂലം അടുത്ത ബുധനാഴ്ച പത്രം പുറപ്പെടുന്നതല്ല.

മാനേജർ

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—12—0

---

# പുസ്തകാഭിപ്രായം

## സത്യപ്രകാശം പ്രസിദ്ധീകരണങ്ങൾ

(ഒന്നാംഭാഗം. By ജെ. വലിയപറമ്പിൽ P. 179. വില 1ക. സെൻറു് ജോസഫ്സ് പ്രിൻറിംഗ് ഹൗസ് തിരുവല്ല.)

ശരിയായ ധാരണയെ ആസ്പദിച്ചുള്ള വൈരം മനസ്സിലാക്കുവാൻ കഴിയും. എന്നാൽ തെററിദ്ധാരണയിൽ അടിയുറച്ചിട്ടുള്ള വൈരം സഹതാപത്തെ മാത്രമേ അർഹിക്കുന്നുള്ളു. കത്തോലിക്കാസഭയെക്കുറിച്ചു "കാട്ടുമാക്കാൻ" കഥകൾ ഹൃദിസ്ഥമാക്കിവെച്ചിട്ടുള്ളവരുണ്ടു്. ഇവരോടു സഭയ്ക്കു സഹതാപമാണുള്ളതു്. അവരുടെ പേടിമാററാൻ ആവതു ചെയ്യണമെന്നു് സഭയ്ക്കാഗ്രഹവുമുണ്ടു്. അതിനു് സഭ കർമ്മരംഗത്തിറങ്ങിയിരിക്കയാണു്. ഈ ഇറക്കത്തിനു നൂററാണ്ടുകളുടെ ചരിത്രമുണ്ടു്. എങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം അതു് വടിവും തെളിവും ആർജ്ജിച്ചിട്ടു അധികമായിട്ടില്ല. കുറേ കൊല്ലമായി പുറത്തുവന്നുകൊണ്ടിരിക്കുന്ന സത്യപ്രകാശം ലഘുലേഖകൾ ഒരു വഴിത്തിരിവിനെത്തന്നെ സൂചിപ്പിക്കുന്നുവെന്നു പറയാം. തെററിദ്ധാരണകൾക്കടിപ്പെട്ടു കഴിയുന്ന സഹോദരങ്ങൾക്കു് സത്യത്തിൻെറ പ്രകാശമരുളുന്ന വഴിവിളക്കുകളാണവ.

പരേതർക്കു വേണ്ടിയുള്ള പ്രാർത്ഥന, പ. കന്യകാമറിയത്തിൻെറ അമലോത്ഭവം, വിശുദ്ധാത്മാക്കളുടെ മാദ്ധ്യസ്ഥശക്തി, പ്രതിമാവന്ദനം, വേദപുസ്തകപാരായണം, ദണ്ഡവിമോചനം തുടങ്ങിയ വിഷയങ്ങളെ ചർച്ചചെയ്യുന്ന ലേഖനങ്ങളാണു് ഈ സമാഹാരത്തിലുള്ളതു്. ദിവ്യപ്രകാശത്തിൻേറയും പാരമ്പര്യത്തിൻേറയും ചരിത്രത്തിൻേറയും യുക്തിയുടേയും ചാണയിൽ പ്രസ്തുതവിഷയങ്ങളുടെ മാററുരച്ചുകാണിക്കുവാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ടു്. അദ്ദേഹം അതിൽ വിജയിച്ചിട്ടുണ്ടെന്നു പറയുവാൻ സന്തോഷമുണ്ടു്. ദുർമ്മോഹത്തിൻെറ ദുഷ്ഫലങ്ങൾ, ചാൻസലർ പദത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കു്, കത്തോലിക്കാസഭയും ജീവകാരുണ്യപ്രവർത്തനങ്ങളും എന്ന തലക്കെട്ടുകളിലുള്ള ലേഖനങ്ങൾ ചരിത്രത്തിലേക്കുള്ള ഉത്തേജനപ്രദമായ മുങ്ങിത്തപ്പലുകൾ തന്നെ. ഭാഷാശൈലി ആദ്യന്തം നന്നായിട്ടുണ്ടു്. ശ്രീ ജെ. വലിയപറമ്പിലിൻെറ തൂലിക തെററിദ്ധാരണകൾ കട്ടപിടിച്ചു കിടക്കുന്ന രംഗങ്ങളിലേക്കു് പ്രകാശത്തിൻെറ രശ്മികൾ ഇനിയും ഇനിയും പ്രസരിപ്പിക്കട്ടെ എന്നു് ആശംസിക്കുന്നു.

(എസ്. ജെ. എം.)

## കമ്മ്യൂണിസ്റ്റ് അരിഷ്ടം

(By നരിക്കുഴി. P. 36. വില. 5 അണ. പ്രസാധകർ: സെൻറു് തോമ്മസ് പ്രസ്സ്, പാലാ.)

കമ്മ്യൂണിസ്റ്റു് വിരുദ്ധചേരിക്കു ശ്രീ നരിക്കുഴിയുടെ സംഭാവനയാണു് ഈ വിനോദനാടകം. കമ്മ്യൂണിസ്റ്റരിഷ്ടം വാങ്ങിക്കുടിച്ചു "ഇങ്കുലാബു ഭ്രാന്തു"പിടിക്കുന്ന മൂന്നു സാധാരണക്കാർ. അതിൽ വിദ്യാർത്ഥിയെ പിടിച്ചുകൊണ്ടു പ്ലോട്ടു മുന്നോട്ടു പോകുകയാണു്. മന്ത്രവാദംകൊണ്ടു മാറാത്ത "ഇങ്കുലാബുഭ്രാന്തു്" ഒരു വിരുദ്ധമുന്നണിക്കാരൻ സ്വാമിയുടെ "എ. സി. എഫ്." ലേഹ്യത്തിൻെറ മാസ്മരശക്തിയുടെ മുമ്പിൽ അടിയറവു പറയുന്നു. ഇതാണു് ഉള്ളടക്കം. എ. സി. എഫ്. മനുഷ്യഹൃദയങ്ങളിൽ വരുത്തുന്ന സാംസ്കാരിക പരിവർത്തനത്തെ, ആ വിദ്യാർത്ഥിയുടെ മനസ്സുമാററത്തിലൂടെ ആകർഷകമായി അഭിവ്യഞ്ജിപ്പിച്ചിട്ടുണ്ടു്. "കമ്മ്യൂണിസ്റ്റരിഷ്ടം" ഒരു സിംബോളിക്ക് നാടകമാണെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ശ്രീ നരിക്കുഴി "റിയലിസ"ത്തിൽ നിന്നു "സിംബോളിസ"ത്തിലേക്കു കടക്കുവാൻ പോകുന്നതിൻെറ നാന്ദിയായി ഈ നാടകത്തെ പരിഗണിക്കട്ടെ. സംഭാഷണം ഒന്നുകൂടി "റിയലിസ്റ്റിക്കാ"ക്കുവാൻ നല്ലൊരു റിയലിസ്റ്റായ അദ്ദേഹത്തിനു കഴിയും. അല്പംകൂടി ശ്രദ്ധിച്ചാൽ മതി. അനുമോദനങ്ങൾ, ഭാവുകങ്ങൾ!

(എസ്. ജെ. എം.)

—ഠ—

## പൂർവ്വക്രിസ്ത്യാനികളുടെ ധൈര്യം

മൂന്നാംശതകത്തിൽ പലസ്തീനായിലെ കേസറിയായിലുള്ള ഒരു കുബേരകുടുംബത്തിലെ അംഗമായിരുന്നു വി. മരീനൂസ്. റോമൻസൈന്യത്തിൽ ഒഴിവുവന്ന ഒരു ശതാധിപൻെറ സ്ഥാനത്തു് അദ്ദേഹത്തെ നിയമിക്കാൻ പോകയായിരുന്നു. മരീനൂസ് ക്രിസ്ത്യാനിയാണെന്നും ആകയാൽ അദ്ദേഹത്തെ തൽസ്ഥാനത്തു് നിയമിക്കാൻ പാടുള്ളതല്ലെന്നും എതിർസ്ഥാനാർത്ഥി വാദംപുറപ്പെടുവിച്ചു. ഗവർണ്ണർ പരുങ്ങലിലായി. മരീനൂസിനെ നേരിട്ടുവിളിച്ചു് സൗഹാർദ്ദമായി അദ്ദേഹം ചോദിച്ചു: "നീ ക്രിസ്ത്യാനിയാണോ?" ഒട്ടും മടിക്കാതെ വിശുദ്ധൻ സധൈര്യം ഉത്തരിച്ചു: "അതേ ഞാൻ ക്രിസ്ത്യാനിയാകുന്നു." അതിൽനിന്നു വരാവുന്ന ഭവിഷ്യത്തുകളെ ഗ്രഹിച്ചുകൊണ്ടുതന്നെയാണു അദ്ദേഹം ഈ മറുപടി നൽകിയതു്. അന്നത്തെ ക്രിസ്ത്യാനികളുടെ ധൈര്യവും ഇന്നത്തെ ഭീരു

# സഹനസൂക്തത്തിൻെറ കളഭാഷിണി

(Rev. Sr. Mercy)


അൽഫോൻസാമ്മ മരിച്ചിട്ടു് ഒൻപതുവർഷം തികയുന്ന സുദിനം സമാഗതമാകുകയാണല്ലോ. ആ പാവനനാമം വിശുദ്ധരുടെ പട്ടികയിൽ ചേർത്തുകാണുവാൻ നാം അത്യുൽക്കണ്ഠയോടെ പാർത്തിരിക്കുന്നു. ഈ അവസരത്തിൽ അവളുടെ വചോമാധുരിയെക്കുറിച്ചു് ഓർത്തോർത്തു അയവിറക്കാത്തവർ പരിചിതരിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. അനുഭവത്തിൻെറ മധുരസ്മരണകളെ ഞാനും അല്പമൊന്നയവിറക്കട്ടെയോ. ഹൃദയത്തിൻെറ പൂർണ്ണതയിൽനിന്നു അധരങ്ങൾ സംസാരിക്കുന്നുവെന്നു ആ കളഭാഷണങ്ങളുടെ ശ്രോതാക്കൾക്കു വ്യക്തമായി ഗ്രഹിക്കാൻ സാധിച്ചിരുന്നു. ഉല്ലാസസമയത്തു അമ്മ പറയുന്ന ഓരോ വാക്കുകളും എത്രയും ഹൃദ്യങ്ങളായിരുന്നു. 1939-ലെതിരുഹൃദയത്തിരുനാളിൻെറ തലേദിവസം ഉല്ലാസസമയത്തു് അൽഫോൻസാമ്മ പറയുകയാണു്: "ഗോതമ്പുമണി നിലത്തുവീണു ചീഞ്ഞാൽ അതു കിളിർക്കും. അതു വളർന്നു ആ ചീഞ്ഞ ഒന്നിനുപകരം ധാരാളം മണികൾ ഉണ്ടാകുന്നു. അതു ചീയാതെ വെറുതെയിരുന്നാൽ കൂടുതൽ ഫലങ്ങൾ കിട്ടുമോ? ഇല്ല. ആ ഒന്നു ചീഞ്ഞതല്ലേ അധികം ഫലങ്ങൾ ലഭിക്കുന്നതിനു കാരണം. അതുപോലെ നാമും ചീയണം. കഷ്ടതകൾ സഹിക്കണം. മുന്തിരിങ്ങാ ചക്കിലിട്ടു് ആട്ടിയാൽ നല്ല ചാറു്—നല്ല വീഞ്ഞു്—നമുക്കു കിട്ടുന്നു. അതു വെറുതെ വച്ചിരുന്നാൽ വീഞ്ഞു കിട്ടുമോ? ഇല്ല. അതുപോലെ നമ്മളും കുരിശുകൾകൊണ്ടു് ഞെങ്ങിഞെരുങ്ങി ചതയണം. അപ്പോൾ നല്ല ചാറു്—നല്ല ഫലങ്ങൾ—ധാരാളമായി കിട്ടും. ഗോതമ്പു ഇടിച്ചിടിച്ചു്—പിന്നെയും ഇടിച്ചിടിച്ചു് പൊടിക്കുമ്പോൾ നല്ല വെളുത്തമാവു് കിട്ടുന്നു. അതു തീയിലിട്ടു ചുട്ടെടുക്കുമ്പോൾ വിശുദ്ധകുർബാനയിൽ വയ്ക്കാൻ കൊള്ളാവുന്ന ഓസ്തിയായിത്തീരുന്നു. ഇതുപോലെ നാമും കുരിശുകൾ സഹിച്ചു സഹിച്ചു് ആ ഓസ്തിപോലെ ആയിത്തീരണം." ഇപ്രകാരം സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ അസ്വാസ്ഥ്യംനിമിത്തം അൽഫോൻസാമ്മ പോയി കിടന്നു. അനന്തരകാലങ്ങളിൽഎത്രമാത്രംസഹിച്ചുവെന്നു ദൈ

മാററുകൂട്ടിയിരുന്നതു്. സമയം കടന്നുപോകുന്നതു അറിയുകയില്ല. പുണ്യകാര്യങ്ങളിൽ അനുഭവജ്ഞാനം ധാരാളമുണ്ടെങ്കിലും ആ ഭാവമൊന്നും അമ്മയുടെ വാക്കുകളിൽ സ്ഫുരിച്ചിരുന്നില്ല. കൊച്ചുകുഞ്ഞുങ്ങളോടെന്നപോലെ മനഃസ്വാതന്ത്ര്യത്തോടെ ആർക്കും അൽഫോൻസാമ്മയോടു സംസാരിക്കാം. കേൾക്കുന്ന കാര്യങ്ങൾ പൈതങ്ങൾക്കുള്ള നിഷ്കളങ്കബുദ്ധിയോടെ വിശ്വസിച്ചിരുന്നു. ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ചുള്ള സംഭാഷണമാണു് അമ്മയ്ക്കു ഏററവുമിഷ്ടം. ആന്തരികജീവിതം നയിക്കുന്ന ആത്മാക്കളുടെ

ഉണ്ടായിരുന്നാലും പലരും പലതും പറഞ്ഞുപോകും. അതൊക്കെ അമ്മയ്ക്കറിയാവുന്ന സംഗതിയാണെന്നു് അപ്പോഴത്തെ മുഖഭാവം കണ്ടാൽ ആർക്കും മനസ്സിലാകയില്ല.

ചിത്രശലഭങ്ങൾ പൂക്കൾ സന്ദർശിച്ചു് അതിലെ മധു പാനം ചെയ്തു സന്തോഷിക്കുന്നു. മററു വസ്തുക്കളെ അവ ശ്രദ്ധിക്കുന്നില്ല. മാലിന്യങ്ങളൊന്നുമേശാതെ മനോഹരമായ ചിറകുകൾ വിരിച്ചു് അവ അന്തരീക്ഷത്തിൽ പൊങ്ങിപ്പറക്കുന്നു. അപ്രകാരംതന്നെ അൽഫോൻസാമ്മയും സ്വർഗ്ഗീയ കാര്യങ്ങളെക്കുറിച്ചുമാത്രം ചിന്തി

യി നിരന്തരം സല്ലാപത്തിലേർപ്പെട്ടു ഐഹികജീവിതം പാരത്രികമാക്കിത്തീർത്ത അൽഫോൻസാമ്മയുടെ സംഭാഷണമധുരിമയെപ്പററി എത്ര പറയട്ടെ.




## സിസ്റ്റർ അൽഫോൻസായുടെ 9-ാം ചരമവാർഷികം

[ജൂലൈ 28—വ്യാഴാഴ്ച]

വത്തിനുമാത്രമറിയാം. ദീനവുംവേദനയും കഠിനമായിരുന്നാലും ഔഷധങ്ങൾവേണ്ട, എനിക്കു സഹിച്ചാൽ മതി എന്നു അമ്മ പറയാറുണ്ടായിരുന്നു. സഹനത്തിനുള്ള അവസരങ്ങളെല്ലാം ഈശോയുടെ സ്നേഹത്തിൻെറ ലക്ഷ്യങ്ങളാണെന്നു അമ്മ പരിപൂർണ്ണമായി വിശ്വസിച്ചിരുന്നു. അതിനാൽ വിഷമങ്ങൾ ആരിൽനിന്നു്, എന്തുകൊണ്ടു് എന്നിങ്ങനെയുള്ള ആവലാതികളൊന്നും കൂടാതെ, ദൈവം തിരുമനസ്സായി യാത്രയാക്കിയതെന്നു ഗ്രഹിച്ചു സഹിക്കയാണു ചെയ്തിട്ടുള്ളതു്.

അൽഫോൻസാമ്മയുടെ സംഭാഷണം ഒരു മാലാഖായുടേതുപോലെ അത്ര മധുരമായി തോന്നിയിരുന്നു. സ്നേഹവും ആത്മാർത്ഥതയുമാണു അമ്മയുടെ വാക്കുകൾക്കു

വചനങ്ങൾ മററാത്മാക്കളെ സ്പർശിക്കുന്നുവെന്ന സംഗതി അൽഫോൻസാമ്മയുടെസംഭാഷണംശ്രവിച്ചാൽ ഗ്രഹിക്കാവുന്നതാണു്. പുണ്യകാര്യങ്ങളെക്കുറിച്ചു കേൾക്കുന്നതിനുള്ള അതീവാഗ്രഹംമൂലം പ്രായംകുറഞ്ഞ സഹോദരിമാരോടുപോലും ഉപദേശം ചോദിക്കുന്ന അൽഫോൻസാമ്മയുടെ വിനീതബുദ്ധി അസാധാരണം തന്നെ. സഹോദരീ! എനിക്കു ഒരുപദേശം പറഞ്ഞുതരാമോ എന്നു വിനയപൂർവ്വം ചോദിക്കുന്നതു കേട്ടാൽ കൊച്ചുകുഞ്ഞുങ്ങൾ അപ്പം ചോദിക്കുന്നതുപോലെ തോന്നിപ്പോകും. അതെ ദൈവവചനമാകുന്ന അപ്പം ഭക്ഷിച്ചല്ലെ അമ്മ ജീവിച്ചതു്. സ്നേഹപൂർവ്വകമായ അമ്മയുടെ നിർബന്ധംകാരണം, വൈമനസ്യവും ലജ്ജയും

ച്ചു് ദൈവത്തിൻെറ വചനമാകുന്ന അമൃതു ഭക്ഷിച്ചു് സ്വർഗ്ഗീയനിക്ഷേപങ്ങളെ ശേഖരിക്കുന്നതിൽ മാത്രം ബദ്ധശ്രദ്ധയായി ലോകകാര്യങ്ങളിൽ ജിജ്ഞാസ ചെലുത്തിയില്ല. ഒരു സഹോദരി ഒരിക്കൽ അമ്മയെ പത്രം വായിച്ചുകേൾപ്പിക്കാൻ തുടങ്ങി. എൻെറ സഹോദരി, എനിക്കതു കേൾക്കണ്ടാ. സഹോദരി തനിച്ചിരുന്നു വായിച്ചുകൊൾക, എന്നു അൽഫോൻസാമ്മ പറഞ്ഞു. ആവശ്യമില്ലാത്ത കാര്യങ്ങളിൽ അമ്മ ശ്രദ്ധിച്ചിരുന്നില്ല.

കുയിൽനാദം കുയിലിൻെറ കണ്ഠത്തിൽനിന്നുമാത്രം പുറപ്പെടുന്നു; കിളിമൊഴി ശുകമുഖത്തുനിന്നും. അപ്രകാരംതന്നെ സഹനത്തിൻെറ പാതയിൽക്കൂടി പുരോഗമനംചെയ്ത ദിവ്യനാഥനുമാ

---

തവും തമ്മിൽ എത്ര ലജ്ജാവഹമായ അന്തരം!

## വാളോ വേദപുസ്തകമോ?

വേണ്ടപോലെ ആലോചിച്ചു് വീണ്ടും മറുപടി പറയുന്നതിലേക്കു ഗവർണ്ണർ വി. മരീനൂസിനു മൂന്നുദിവസത്തെ അവധിനൽകി വിട്ടയച്ചു. സ്ഥലത്തെ മെത്രാൻ ഈ വിവരമറിഞ്ഞു് വിശുദ്ധൻെറ പക്കലെത്തി. ആദ്ധ്യാത്മികോപദേശങ്ങളാൽ വിശുദ്ധനെ ധൈര്യപ്പെടുത്തിയശേഷം മെത്രാൻ ചോദിച്ചു: "ശതാധിപൻെറ ആ വാളോ ദൈവത്തിൻെറ ഈ വേദപുസ്തകമോ, ഏതാണു നിനക്കു വേണ്ടതു്?" സംശയലേശം കൂടാതെ മരീനൂസ് വിശുദ്ധ ലിഖിതഗ്രന്ഥത്തെ ആശ്ലേഷിച്ചു. "കൊള്ളാം. ദൈവത്തെ ധൈര്യസമേതം ആശ്ലേഷിച്ചുകൊള്ളുക. അവിടുന്നു നിന്നെ ശക്തിപ്പെടുത്തിക്കൊള്ളും." അടുത്തതവണ ഗവർണ്ണരുടെ മുമ്പാകെ വീണ്ടും സ്ഥിരചിത്തതയോടെ വിശുദ്ധൻ വിശ്വാസപ്രഖ്യാപനംചെയ്തു. അന്നുതന്നെ തല വെട്ടപ്പെടുകയുംചെയ്തു.

### മാതൃകയുടെ അത്ഭുതശക്തി

വി. മരീനൂസിൻെറ രക്തസാക്ഷിത്വരംഗങ്ങളെല്ലാം വീക്ഷിച്ചുകൊണ്ടുനിന്നിരുന്ന അസ്റ്റേരിയൂസ് എന്ന റോമൻ സെനററർ അതോടെ മാനസാന്തരപ്പെട്ടു. സ്ഥാനവസ്ത്രവിഭൂഷിതനായിട്ടാണു് അദ്ദേഹം അവിടെ സന്നിഹിതനായിരുന്നതു്. എങ്കിലും വിശുദ്ധൻെറ ശിരസ്സു ഛേദിക്കപ്പെട്ടയുടനെ അദ്ദേഹം ആ ധീരരക്തസാക്ഷിയുടെ ശരീരം സ്വന്ത തോളിൽ ചുമന്നു് ക്രിസ്ത്യൻ കേന്ദ്രത്തിൽ എത്തിച്ചുകൊടുത്തു. ചക്രവർത്തിയുടെ ഉററമിത്രവും ഉദ്യോഗസ്ഥമണ്ഡലത്തിൽ പ്രശസ്തനുമായിരുന്ന അസ്റ്റേരിയൂസ്, ഈ വീരകൃത്യത്താൽ അന്നുതന്നെ രക്തസാക്ഷിമുടി പ്രാപിപ്പാൻ പ്രാപ്തനായിത്തീരുകയാണു ചെയ്തതു്.

---

## ഫാദർ വാസിൻെറ നാമകരണത്തിനപേക്ഷ

1711-ൽ നിര്യാതനായ സിലോണിൻെറ അപ്പസ്തോലനായ ഫാദർ ജോസഫ് വാസിനെ ധന്യനെന്നു നാമകരണം ചെയ്യുന്നതിനുള്ള അപേക്ഷ മാർപ്പാപ്പാ തിരുമേനിക്കു കൊളംബോ ആർച്ചുബിഷപ്പ് മോസ്റ്റ് റവ. മോൺ. തോമസ് കൂറെ തിരുമേനി സമർപ്പിക്കുന്നതാണു്. ഇതു സംബന്ധിച്ച റിക്കാർഡുകളുടെ പരിശോധന വത്തിക്കാൻ അധികൃതർ നടത്തിയിട്ടുള്ളതാണു്. 62,654 പേർ ഒപ്പുവച്ചിട്ടുള്ളതാണു് ഈ പെററിഷൻ. ഫാദർ വാസ് ഒരു ഗോവാക്കാരനാണു്. "സെൻറ് ഫിലിപ്പുനേരി"യുടെ സന്യാസസഭയിലെ ഒരംഗമായിരുന്ന അദ്ദേഹം 1887-ലാണു് മിഷ്യൻപ്രവർത്തനങ്ങൾക്കായി സിലോണിലേക്കുപോയതു്.

---

## കൃതജ്ഞത

ബ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

V. A. Dominic, Trichur

---

## ഫാദർ മക്രി S. J. നിര്യാതനായി

മംഗലാപുരം സെൻറ് ജോസഫ്സ് വൈദികകലാലയത്തിൽ പ്രൊഫസറായി ദീർഘനാൾ സേവനമനുഷ്ഠിച്ചുവന്ന ഫാ. മക്രി എസ്സ്. ജെ. ജൂലൈ 13-ാംനു 88-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. 1867-ാമാണ്ടിലാണു് ഇദ്ദേഹം ജനിച്ചതു്. ഗ്രീക്കുസഭാംഗങ്ങളായിരുന്നു മാതാപിതാക്കന്മാർ. 1890-ൽ ഗൊരീസ്യാ (Goritia) യിൽ ഉന്നതവിദ്യാഭ്യാസം കഴിച്ചുവരവെയാണു് അവിടെവച്ചു കത്തോലിക്കനായിത്തീർന്നതു്. 1893-ൽ അദ്ദേഹം ഈശോസഭയിൽ ചേർന്നു. 1902-ൽ വൈദികനായി. വിനാവിളംബം, അദ്ദേഹം ഭാരതത്തിൽ പ്രേഷിതവൃത്തിക്കായി അയക്കപ്പെട്ടു. മൂന്നുവർഷം മംഗലാപുരം ഭദ്രാസനദേവാലയത്തിലും, ഏതാനും വർഷം സെൻറ് അലോഷ്യസ് കോളേജിലും, ഒരു കൊല്ലത്തോളം മിഷൻപ്രവർത്തനത്തിലും ജോലിനോക്കിയശേഷം സെമിനാരിസ്റ്റാഫിൽ നിയമിതനാവുകയും ജീവിതശിഷ്ടം അവിടെ ചെലവഴിക്കയുമാണു ചെയ്തതു്. 1940-ൽ ഇൻഡ്യയിൽ ഒരു പ്ലീനറി കൗൺസിൽ കൂടണമെന്നു സഭാധികാരികൾ നിശ്ചയിച്ചപ്പോൾ അതിൻെറ ചുമതലകൾ വഹിക്കുവാൻ തെരഞ്ഞെടുത്തതു ഫാദർ മക്രിയെയാണു്. ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, കാനൻ ലോ എന്നിവകളിൽ അദ്ദേഹം സമ്പാദിച്ചിരുന്ന വിജ്ഞാനം പ്രശംസനീയമായിരുന്നു.

R. I. P.

ഒരെണ്ണയും പിടിക്കാത്തവക്ക്.
നീരിറക്കം. എങ്ങൽ. താരൻ. മൊരിച്ചുണങ്ങ്. പല്ലുവേദന. പുഴുക്കടി. എന്നിവക്കും.
അമൃതതൈലം.
കാളൻ ആയുർവ്വേദ ഔഷധശാല. നെല്ലായി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, JULY 27 | No. 48


## ചതുശ്ശക്തിസമ്മേളനം

ബാഹ്യലോകത്തിൻെറ പ്രത്യാശകളുടേയും ആശങ്കകളുടേയും മദ്ധ്യേ ചിരപ്രതീക്ഷിതമായ ചതുശ്ശക്തി ഉച്ചകോടിസമ്മേളനം മുൻപരിപാടിയനുസരിച്ച് 18-ാംനു- തിങ്കളാഴ്ച ജനീവായിൽ സമ്മേളിച്ചു. സമ്മേളനത്തിനു തൊട്ടടുത്തു ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററു് ജവഹരിലാൽ നെഹ്റു മോസ്ക്കോയും ലണ്ടനും സന്ദർശിച്ചു നടത്തിയ സമ്പർക്കങ്ങളും ബർമ്മാ പ്രധാനമന്ത്രി മി. യൂനു പീക്കിംഗും വാഷിംഗ്ടനും സന്ദർശിച്ചു നടത്തിയ സംഭാഷണങ്ങളും ഇന്ത്യയുടെ പ്രത്യേക പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ടു മി. വി. കെ. കൃഷ്ണമേനോൻ സാൻഫ്റാൻസിസ്കോയിലും, വാഷിംഗ്ടണിലും, ലണ്ടനിലും പീക്കിംഗിലും നടത്തിയ ആലോചനകളും ഈ സമ്മേളനത്തിൻെറ വിജയത്തിനു് സഹായകമായ ഒരന്തരീക്ഷത്തെ സൃഷ്ടിക്കുന്നതിൽ വളരെ സഹായകമായിട്ടുണ്ടു് എന്നുള്ള വസ്തുത എല്ലാവരും കീർത്തിക്കുന്ന ഒന്നാണു്. ചതുശ്ശക്തിത്തലവന്മാരെല്ലാവരും സമ്മേളനത്തിൽ തികഞ്ഞ ആത്മാർത്ഥതയോടും സൗമനസ്യത്തോടുംകൂടി അവരുടെ അഭിപ്രായങ്ങളെ തുറന്നു പ്രസ്താവിച്ചു എന്നുള്ളതും കോൺഫറൻസിൻെറ ഒരു പ്രത്യേകനേട്ടമായി കണക്കാക്കുന്നതിൽ തെററില്ല. ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങളെല്ലാം ഈ ഒരാഴ്ചകൊണ്ടു പരിഹരിക്കപ്പെടുമെന്നോ, അഭിപ്രായവ്യത്യാസം കൂടാതെ ഏകയോഗമായ തീരുമാനങ്ങളിൽ എല്ലാ നേതാക്കന്മാരും എത്തിച്ചേരുമെന്നോ പ്രതീക്ഷിക്കപ്പെട്ടിരുന്നില്ല; പ്രതീക്ഷിക്കുക സാദ്ധ്യവുമല്ല. ഏതായാലും യാതൊരു നിശ്ചിതപരിപാടിയും കൂടാതെ സമാരംഭിച്ച സമ്മേളനം അതിൻെറ ആരംഭത്തിൽതന്നെ ലോകസമാധാനത്തിനു അവശ്യം തീരുമാനിക്കപ്പെടേണ്ട ഒരു ചതുർമുഖപരിപാടി അംഗീകരിച്ചു എന്നുള്ളതു ഒട്ടും അപ്രധാനമല്ലാത്ത ഒരു നേട്ടമാണു്. നാലു പ്രധാനമന്ത്രിമാരും അവരവരുടെനിലയെ വ്യക്തമാക്കി പ്രാരംഭപ്രസംഗങ്ങൾ ചെയ്തശേഷമാണു് ഈ പരിപാടി സ്വീകരിച്ചതു്. പരിപാടിയിൽ ഒന്നാമത്തെ വിഷയം ജർമ്മനിയുടെ ഏകീകരണം, രണ്ടാമത്തേതു് നിരായുധീകരണം, മൂന്നാമത്തേതു യൂറോപ്പിൻെറ സുരക്ഷിതത്വം, അവസാനത്തേതു പൂർവ്വപശ്ചിമരാഷ്ട്രങ്ങൾ തമ്മിലുള്ള അടുപ്പം എന്നിവയാണു്. ഇവയെപ്പററിയുള്ള ചർച്ചയിൽ പലേ ബന്ധപ്പെട്ട പ്രശ്നങ്ങളും പര്യാലോചനാവിഷയമാവുക സ്വാഭാവികമാണല്ലോ.

സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു പ്രസിഡണ്ടു് ഐസനോവർ പ്രസ്താവിച്ചതു് റഷ്യൻ പ്രധാനമന്ത്രി മാർഷൽ ബുൾഗാനിൻ ജൂലൈ 15-ാംതീയതിയിലെ പ്രസംഗത്തിൽ അംഗീകരിച്ച ഒരുപൊതുവഭിനിവേശമാണു് സമ്മേളനത്തിൻെറ പ്രചോദനമെന്നായിരുന്നു, അതായതു ഈ മഹാരാജ്യങ്ങളുടെ നേതാക്കന്മാർ മനുഷ്യരാശിയുടെ സമാധാനാഭിവാഞ്ഛയെ സമാദരിച്ചു ഒരു പുതിയ നയതന്ത്രത്തിലൂടെ ലോകസമാധാനത്തിനുള്ള പന്ഥാവു കണ്ടുപിടിക്കുക. ലോകസമാധാനത്തിനു പ്രതിബന്ധമായി നില്ക്കുന്ന ഏററം പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നു അന്താരാഷ്ട്രീയകമ്മ്യൂണിസമാണെന്നും, ലോകമേധാവിത്വത്തിനായുള്ള കമ്മ്യൂണിസ്റ്റുയത്നങ്ങളെ പശ്ചിമരാഷ്ട്രങ്ങൾക്കു വിഗണിക്കുവാൻ സാദ്ധ്യമല്ലെന്നും, 38 കൊല്ലങ്ങളായി നടന്നുപോരുന്ന ഈ പ്രവർത്തനത്തിനു വിരാമമുണ്ടാക്കണമെന്നും അദ്ദേഹം തുറന്നു പ്രസ്താവിച്ചു. പൂർവ്വയൂറോപ്യൻ രാജ്യങ്ങൾക്കു് യുദ്ധകാലഉടമ്പടിയനുസരിച്ചു് സ്വാതന്ത്ര്യം നൽകേണ്ടതാണെന്നുള്ള വസ്തുതയേയും അദ്ദേഹം വിശദമാക്കി. ഇപ്രകാരമുള്ള അടിസ്ഥാനത്തിൽ പൂർവ്വപശ്ചിമരാഷ്ട്രങ്ങൾ തമ്മിൽ യോജിച്ചു പ്രവർത്തിക്കുന്നതിനു പശ്ചിമരാഷ്ട്രങ്ങൾക്കുള്ള സന്നദ്ധതയെ വെളിപ്പെടുത്തിക്കൊണ്ടാണു് അദ്ദേഹം ഉപസംഹരിച്ചതു്. യുദ്ധോപകരണങ്ങളെ നിയന്ത്രിക്കണമെന്നും, തന്മൂലമുണ്ടാകുന്ന മിച്ചധനം ഓരോ രാഷ്ട്രങ്ങളും അവികസിതരാജ്യങ്ങളുടെ അഭിവൃദ്ധിക്കായി ഉപയോഗിക്കണമെന്നുമുള്ള അഭിപ്രായമാണു് ഫ്റഞ്ചുപ്രധാനമന്ത്രി മി. എഡ്ഗാർ ഫോറെ വിശേഷവിധിയായി ഉന്നയിച്ചതു്. ജർമ്മനിയെ ഒന്നിപ്പിക്കണമെന്നും ആ രാഷ്ട്രവും കോൺഫറൻസിൽ സംബന്ധിക്കുന്ന രാഷ്ട്രങ്ങളും തമ്മിൽ ഒരു രാജ്യരക്ഷാകരാറിൽ ഏർപ്പെടണമെന്നും, ഏതെങ്കിലും ഒരു രാജ്യം ആക്രമണവിധേയമായാൽ ഉടമ്പടിയിലെ മററംഗങ്ങളെല്ലാം ആ രാഷ്ട്രത്തിൻെറ സഹായത്തിനെത്തണമെന്നുമായിരുന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ഈഡൻെറ നിർദ്ദേശം. റഷ്യൻ പ്രധാനമന്ത്രി മാർഷൽ ബുൾഗാനിൻെറ പ്രസംഗത്തിൽ ലോകസമാധാനത്തിനുള്ള പ്ലാൻ അദ്ദേഹം സമർപ്പിച്ചതു്, "നാറേറാ"യും പൂർവ്വയൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ബ്ളോക്കും മരവിപ്പിക്കുക എന്നതായിരുന്നു. പശ്ചിമശക്തികളുടെ ഉത്തര അററ്ലാൻറിക്ക് സഖ്യവും അതിനു ബദലായ റഷ്യൻ ഉപഗ്രഹരാജ്യങ്ങളുടെ സൈനികസഖ്യവും ഇപ്പോഴത്തെ സൈനിക ലവലിൽ നിർത്തുകയെന്നതാണു് അതിലെ ആശയം. അന്താരാഷ്ട്രീയ കമ്മ്യൂണിസത്തിൻെറ പ്രവർത്തനത്തെപ്പററി പ്രതിപാദിക്കുന്നതു് സമ്മേളനത്തിൻെറ ഉദ്ദേശ്യത്തിൽപ്പെടുന്നതല്ല എന്നദ്ദേഹം പ്രസ്താവിക്കുകയും, സമ്മേളനത്തിൽ പര്യാലോചിക്കപ്പെടേണ്ട ഫോർമോസാക്കാര്യം, ചൈനയെ ഐക്യരാഷ്ട്രസമിതിയിൽ ചേർക്കുന്ന കാര്യം, യൂറോപ്പിൽനിന്നു വിദേശസൈന്യങ്ങളെ പിൻവലിക്കുന്ന കാര്യം എന്നിങ്ങനെ ചില പ്രശ്നങ്ങളെ ഉന്നയിക്കുകയും ചെയ്തു. ആസ്ത്രിയായെ സംബന്ധിച്ചും യൂഗോസ്ലാവിയായെ സംബന്ധിച്ചും റഷ്യ കൈക്കൊണ്ടിട്ടുള്ള അനുരഞ്ജനമനോഭാവത്തേയും ബാൻഡൂങ്ങു് കോൺഫറൻസിലും ഇന്ത്യൻ പ്രധാനമന്ത്രിയുമായുള്ള ഉടമ്പടിയിലും റഷ്യ പ്രകടമാക്കിയിട്ടുള്ള സഹവർത്തിത്വനടപടികളേയും അദ്ദേഹം മാതൃകയായി ചൂണ്ടിക്കാണിച്ചു.

ചതുശ്ശക്തിനേതാക്കന്മാർ അടുത്തതായി ഓരോ പ്രശ്നങ്ങളുടെ പര്യാലോചനയിലാണു് വ്യാപൃതരായതു്. ജർമ്മനിയുടെ ഏകീകരണം സംബന്ധിച്ചാണു് ദുർഘടസന്ധികൾ കൂടുതൽ നേരിടേണ്ടതായി വന്നിട്ടുള്ളതു്. ജർമ്മനിയെ ഏകീകരിക്കുക എന്നതിൽ പശ്ചിമശക്തികളെല്ലാം ഒരഭിപ്രായക്കാരാണു്. റഷ്യ അടിസ്ഥാനപരമായി അതിനെതിരല്ലെങ്കിലും, ഇപ്പോൾ അതിനു സമയമായിട്ടില്ല, എന്നാണഭിപ്രായം. മററു പ്രശ്നങ്ങൾ സംബന്ധിച്ചു ഇത്രയും വൈഷമ്യങ്ങൾ കൂടാതെതന്നെ ചില കരടുതീരുമാനങ്ങളിൽ എത്തിച്ചേരുവാൻ നേതാക്കന്മാർക്കു സാധിച്ചിട്ടുണ്ടു്.

സുമാർ ഒരാഴ്ച നീണ്ടുനിന്ന സമ്മേളനപരിപാടികൾ 23-ാംനു- വൈകിട്ടു വിജയകരമായി പര്യവസാനിച്ചു. ചർച്ചാവിഷയങ്ങളിലെല്ലാം പ്രധാനമന്ത്രിമാർ പൂർണ്ണമായ യോജിപ്പിൽ എത്തിച്ചേർന്നെന്നും, സമ്മേളനത്തിൻെറ ഡിറക്റ്റീവുകളെപ്പററി ചർച്ച നടത്തുവാൻ ചതുശ്ശക്തിവിദേശമന്ത്രിമാരുടെ സമ്മേളനം ഒക്ടോബറിൽ നടത്തുമെന്നുമാണു് റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നതു്. ലോകത്തിൻെറ ഉൽക്കണ്ഠയെ തെല്ലൊന്നു സ്വാന്തനപ്പെടുത്തുന്നതിനു ഇതു കാരണമാകുന്നുണ്ടു്. സമ്മേളനത്തിൻെറ ഉപസംഹാരവേളയിൽ ഐസനോവർ പ്രസ്താവിച്ചതിപ്രകാരമാണു്:- "നീതിനിഷ്ഠമായ ശാശ്വതസമാധാനവും കൂടുതൽ സ്വാതന്ത്ര്യവും കൈവരുന്നതിനുള്ള സാദ്ധ്യതകൾ കൂടുതൽ പ്രസന്നമാവുകയും, ആധുനികയുദ്ധത്തിൻെറ ഭീകരതകൾ ജനത അനുഭവിക്കേണ്ടിവരുന്ന സാഹചര്യങ്ങൾക്കുള്ള സാദ്ധ്യതകൾ കുറയുകയുമാണു് ഈ സമ്മേളനംകൊണ്ടുണ്ടായിരിക്കുന്നതു്. മനുഷ്യരാശിയുടെ പ്രത്യാശകൾ ഒരു ദിവസം സാർത്ഥീകൃതമാവാതിരിക്കുകയില്ല."

## പ്രസാധകക്കുറിപ്പുകൾ

### കോമിൻഫോം ഇല്ലാതാകും?

ന്യൂഡൽഹിയിൽനിന്നുള്ള ജൂലൈ 19-ാം തീയതിയിലെ പി. ടി. ഐ. വാർത്തയിൽ, നെഹ്റു-ബുൾഗാനിൻ സംയുക്തപ്രസ്താവനയിൽ ക്രോഡീകരിക്കപ്പെട്ടിരിക്കുന്ന അഞ്ചുതത്വങ്ങൾ പ്രായോഗികമാക്കപ്പെടുന്നതിൻെറ യുക്തിപൂർവ്വകമായ ഫലം കോമിൻഫോം തിരോധാനം ചെയ്യുകയായിരിക്കുമെന്നു പ്രധാനമന്ത്രി നെഹ്റു ഒരു പ്രസ്കോൺഫറൻസിൽ പ്രസ്താവിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. നെഹ്റു സ്വയം വിശദീകരിച്ചതിപ്രകാരമാണു്: കോമിൻഫോം പിരിച്ചുവിടുന്ന കാര്യം പ്രത്യേകമെടുത്തു സോവ്യററധികാരികളുമായി ചർച്ചചെയ്യുകയുണ്ടായില്ല. റഷ്യൻ പ്രധാനമന്ത്രിയും ഞാനുംകൂടി ചെയ്ത സംയുക്തപ്രഖ്യാപനത്തിൻെറ ഫലമായി കോമിൻഫോം പിരിച്ചുവിടുമെന്നു (ചില പത്രങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നതുപോലെ) ഞാൻ പറയുകയുമുണ്ടായിട്ടില്ല. മുകളിൽപറഞ്ഞ അഞ്ചു തത്വങ്ങളും കോമിൻഫോമും പൊരുത്തപ്പെട്ടുപോകുകയില്ല എന്നാണു ഞാൻ പറഞ്ഞിട്ടുള്ളതു്. സംയുക്തപ്രസ്താവനയിൽ നടത്തിയിരിക്കുന്ന പഞ്ചശീലങ്ങളിലുള്ള ഉറപ്പുകളുമായി സംഘട്ടനത്തിലല്ലാതെ അതിനു പ്രവർത്തനം നടത്തുവാൻ സാദ്ധ്യമല്ല. കോമിൻഫോമിനെ സംബന്ധിച്ചിടത്തോളം എന്തു ചെയ്യുമെന്നെനിക്കറിഞ്ഞുകൂടാ. ഇതിൽനിന്നു വ്യക്തമാകുന്നതു് നെഹ്റു-ബുൾഗാനിൻ സംയുക്തപ്രസ്താവന പ്രായോഗികരൂപം കൈക്കൊണ്ടാൽമാത്രം കോമിൻഫോം തിരോഭവിക്കുമെന്നാണു്. അതിനു പ്രായോഗികരൂപം കൈവരിക്കാൻ കഴിയുമോയെന്നുള്ളതു ഒരു പ്രശ്നമാണു്.

ജനീവായിൽ സമ്മേളിച്ച "ഉച്ചകോടി" സമ്മേളനത്തിൽവച്ചു ജൂലൈ 18-ാംനു- അമേരിക്കൻ പ്രസിഡൻറു് ഐസനോവർ ചെയ്ത ഉൽഘാടനപ്രസംഗത്തിൽ കോമിൻഫോം പ്രവർത്തനത്തെ സമ്മേളനത്തിൻെറ പരിചിന്തനത്തിനു സമർപ്പിച്ചുകൊണ്ടു് വിവരിച്ചതിപ്രകാരമാണു്:- ലോകസമാധാനത്തെ പ്രതിബന്ധപ്പെടുത്തുന്ന ബൃഹൽപ്രശ്നങ്ങളിലൊന്നു അന്താരാഷ്ട്രീയകമ്മ്യൂണിസത്തിൻെറ ഭീഷണിയാണു്. ലോകമേധാവിത്വത്തിനായുള്ള കമ്മ്യൂണിസ്റ്റുയത്നങ്ങളെ പശ്ചിമരാഷ്ട്രങ്ങൾക്കു വിഗണിക്കുവാൻ സാദ്ധ്യമല്ല. 38 കൊല്ലങ്ങളായി അതിൻെറ പ്രവർത്തനങ്ങൾ മററു രാഷ്ട്രങ്ങളും സോവ്യററുയൂണിയനുമായുള്ള ബന്ധത്തെ അലോസരപ്പെടുത്തിയിട്ടുണ്ടു്. കേവലം പ്രേരണചെലുത്തലിൽ മാത്രമല്ല അതിൻെറ പ്രവർത്തനങ്ങൾ ഒതുക്കിനിർത്തപ്പെട്ടിരിക്കുന്നതു്. ലോകമെങ്ങും നിയമാനുസൃതമായി പ്രതിഷ്ഠാപിക്കപ്പെട്ടിട്ടുള്ള ഗവർമ്മെൻറുകളെ തകിടംമറിക്കുന്നതിനും രാഷ്ട്രങ്ങളെ വിദേശാധിപത്യത്തിനു വിധേയമാക്കുന്നതിനുമാണു് അതു യത്നിച്ചുപോരുന്നതു്.

വ്യക്തവും ഗൗരവാവഹവുമായ ഈ വിശദീകരണത്തിനു മറുപടിയെന്നവണ്ണം മാർഷൽ ബുൾഗാനിൻ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പ്രസ്താവിച്ചതു്, സ്റ്റേററുകൾ തമ്മിലുള്ള പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനുള്ള ചർച്ചകൾക്കുവേണ്ടിയാണു് ഈ സമ്മേളനമെന്നും, അല്ലാതെ ഏതാനും രാജ്യങ്ങളിലെ രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനങ്ങളെപ്പററിയോ പാർട്ടികൾ തമ്മിലുള്ള ബന്ധത്തെപ്പററിയോ ചർച്ചചെയ്യാനല്ല എന്നുമായിരുന്നു. ചതുശ്ശക്തിസമ്മേളനത്തിലെ വിഷയം അന്താരാഷ്ട്രീയകമ്മ്യൂണിസമാണെന്നു പ്രസിഡൻറു് ഐസനോവർ പ്രസ്താവിച്ചതിനെ അദ്ദേഹം നിരാകരിച്ചുവെന്നാണു റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നതു്. ഈ സാഹചര്യങ്ങളിൽ കോമിൻഫോം പ്രവർത്തനങ്ങളെ റഷ്യ കൈവെടിയുമെന്നു എങ്ങനെ ഊഹിക്കുവാൻ കഴിയും?

x x x

### ബന്ധനസ്ഥരായ കർദ്ദിനാളന്മാരുടെ സ്ഥിതി

ആറു കൊല്ലമായി ഭയാനകമായ കമ്മ്യൂണിസ്റ്റ് തടവുശിക്ഷ അനുഭവിച്ചുപോന്ന ഹങ്കറിയിലെ പ്രൈമേററായ അത്യുന്നതകർദ്ദിനാൾ മിൻസെന്തി തിരുമേനിയെ ജൂലൈ 17-ാംനു- രാവിലെ ബന്ധനവിമുക്തനാക്കിയിരിക്കുന്നതായി ഹംഗേറിയൻ ന്യൂസ് ഏജൻസി റിപ്പോർട്ടുചെയ്തു. സ്വതന്ത്രലോകം ഈ വാർത്തയെ ഹർഷപൂർവ്വം സ്വീകരിച്ചു. എന്നാൽ 18-ാംതീയതി റോയിട്ടർ വാർത്തകളിൽ കാണുന്നതു നിരാശാപരമായ വസ്തുതകളാണു്. രാജ്യദ്രോഹക്കുററം ചുമത്തി 1949-ൽ ബന്ധനത്തിലാക്കിയ കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ മോചിപ്പിക്കാൻ ഹങ്കറിയിലെ ഗവർമ്മേണ്ടു ഉത്തരവായതായി പ്രഖ്യാപിച്ചിട്ടു 12 മണിക്കൂർ കഴിഞ്ഞിട്ടും തിരുമനസ്സുകൊണ്ടു എവിടെയാണെന്നുള്ളതു് അജ്ഞാതമായിരിക്കുന്നു. ബുഡാപ്പെസ്റ്റിൽ ഹംഗേറിയൻ വിദേശകാര്യാലയത്തിലെ ഒരുദ്യോഗസ്ഥൻ പ്രേഗിലെ റോയിട്ടറുടെ ലേഖകനോടു ടെലഫോണിൽ പറഞ്ഞതിങ്ങനെയാണു്:- "കർദ്ദിനാൾ മിൻസെന്തിയുമായി ഇന്നു സമ്പർക്കം പുലർത്തുന്നകാര്യത്തിൽ വലിയ ആശയില്ല. പത്രക്കാരുമായി ഒരഭിമുഖസംഭാഷണം നടത്തുവാൻ അദ്ദേഹത്തിനു കഴിയുമെന്നും എനിക്കു തോന്നുന്നില്ല." ഹംഗേറിയൻ തലസ്ഥാനത്തെ മെത്രാസനാരമനയിലെ ഒരു വൈദികൻ പറഞ്ഞതിപ്രകാരമാണു്:- "കർദ്ദിനാൾ മിൻസെന്തി ഇവിടെയില്ല. പത്രങ്ങളിലും റേഡിയോമുഖേനയും പ്രസിദ്ധപ്പെടുത്തിയതു മാത്രമേ ഞങ്ങൾക്കറിവുള്ളു. ഇതിൽ കൂടുതൽ വിവരങ്ങളൊന്നും നൽകുവാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു." കർദ്ദിനാൾ തിരുമേനിയെ എവിടെ താമസിക്കുവാൻ അനുവദിക്കുമെന്നതിനെ സംബന്ധിച്ചു ഹംഗറിയിൽനിന്നും നേരിട്ടു യാതൊരറിവുമില്ലെന്നു് വത്തിക്കാനിലെ അധികൃതകേന്ദ്രങ്ങൾ പ്രസ്താവിക്കുന്നു. കർദ്ദിനാളിൻെറ താമസസ്ഥലം കാത്തലിക്കു് ബിഷപ്പ്സ് കോൺഫറൻസ് നിർദ്ദേശിക്കുമെന്നാണു് ബുഡാപ്പെസ്റ്റ് റേഡിയോ ജൂലൈ 16-ാംനു- രാത്രി പ്രസ്താവിച്ചതു്. കർദ്ദിനാൾ മിൻസെന്തിയെ സംബന്ധിക്കുന്ന തമ്മിൽ പൊരുത്തമില്ലാത്തതും അവ്യക്തവുമായ ഈ വാർത്തകൾക്കു നിദാനമെന്താണെന്നു ആശങ്കപ്പെടേണ്ടിയിരിക്കുന്നു!

പോളണ്ടിലെ പ്രൈമേററും വാർസോ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ സ്റ്റീഫൻ വിഷിൻസ്കി തിരുമേനി കമ്മ്യൂണിസ്റ്റുകളുടെ മേൽനോട്ടത്തിൽ വീട്ടുതടങ്കലിൽ കഴിഞ്ഞുകൂടുകയായിരുന്നല്ലോ. തിരുമേനിയെ കമ്മ്യൂണിസ്റ്റധികാരികൾ ഇപ്പോൾ "നേരിട്ടുള്ള പോലീസ് കസ്റ്റഡി"യിൽനിന്നും ഏതോ അജ്ഞാതമായ സ്ഥലത്തേക്കു മാററിയിരിക്കുന്നതായി പോളീഷ് നാടുകടത്തൽ ഉദ്യോഗസ്ഥന്മാർ പ്രസ്താവിച്ചിരിക്കുന്നു എന്നു റോയിട്ടർ റിപ്പോർട്ടുചെയ്യുന്നു. കർദ്ദിനാളിൻെറ അജ്ഞാതവാസസ്ഥാനം ഏതോ വൈദികസ്ഥാപനമോ ഒരു പക്ഷെ ഏതെങ്കിലും സന്യാസമന്ദിരമോ ആയിരിക്കാമെന്നു ഊഹിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റുകളുടെ മതമർദ്ദനനയത്തിനു അയവുവരുത്തുന്നതായി പ്രചരിപ്പിക്കപ്പെടുന്ന വാർത്തകൾ വെറും പ്രചരണമാണോ എന്നാണു് സംശയിക്കപ്പെടുന്നതു്.

---

My heart-felt thanks for the favours received through the intercession of St. Antony of Padua and the Prayers of Sr. Alphonsa. Excuse me for the delay.
K. I. Simon, PALGHAT.

---

### അടുത്തയാഴ്ചയിൽ

ജൂലൈ

28 വ്യാ: വി. നസ്സാരിയോസും കെൽസോസും

29 വെ: വി. മർത്താ

30 ശ: വി. അബ്ദോനും സെനേനും

31 ഞാ: പന്തക്കുസ്താ 9-ാം ഞായർ

ആഗസ്റ്റ്

1 തി: വി. ഏലിയാസർ

2 ചൊ: വി. എസ്തപ്പാനോസ്

3 ബു: വി. ജൂലിയൻ

തിരുസഭാചരിത്രം 77

# തിരുസ്സഭ 4-ം 5-ം ശതാബ്ദങ്ങളിൽ

## സന്യാസജീവിതം

[പ്രൊഫസർ പി. ററി. തോമസ് എം. എ.]

നൈൽനദീതീരത്തുള്ള മണലാരണ്യങ്ങളിലും ചെങ്കടലിനു സമീപമുള്ള പർവ്വതപ്രദേശത്തും അനേകവർഷം കഠിനതപസ്സു ചെയ്തശേഷം എ. ഡി. 356-ാമാണ്ടു് 105-ാമത്തെ വയസ്സിൽ മരണമടഞ്ഞ ഈജിപ്തിലെ വി. അന്തോനിയെയാണു് ക്രിസ്തീയസന്യാസപ്രസ്ഥാനത്തിൻെറ ജനയിതാവായി പരിഗണിച്ചുപോരുന്നതു്. അദ്ദേഹത്തിൻെറ ജീവിതവൃത്താന്തത്തെപ്പററി ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ വീരോചിതമായ പുണ്യാഭ്യസനവും ആത്മപരിത്യാഗത്തിൻേറയും ഇന്ദ്രിയനിഗ്രഹത്തിൻേറയും പാരമ്യത്തെ കുറിക്കുന്ന തപോനിഷ്ഠകളും പൗരസ്ത്യദിക്കിലെങ്ങും പ്രസിദ്ധങ്ങളായിരുന്നു. ബഹുസഹസ്രം ആരാധകന്മാർ അദ്ദേഹത്തിൻെറ ആശ്രമപ്രാന്തങ്ങളിൽ വന്നു താമസമുറപ്പിച്ചു. നിശ്ചിതസമയങ്ങളിൽ അദ്ദേഹം അവരോടൊന്നിച്ചു പ്രാർത്ഥിക്കയും സങ്കീർത്തനങ്ങൾ പാടുകയും ചെയ്തിരുന്നു. ഇടയ്ക്കിടയ്ക്കു് ആത്മീയകാര്യങ്ങളെ സംബന്ധിച്ചുള്ള ഉപദേശങ്ങളും അദ്ദേഹം അവർക്കു നൽകിയിരുന്നു. അങ്ങനെ വി. അന്തോനിയുടെ ആത്മീയനേതൃത്വത്തിലും സംരക്ഷണയിലും ഒരു സന്യാസസമൂഹം ആ മണലാരണ്യത്തിൽ വളർന്നുവന്നു. തിരുസ്സഭയിലെ ആദ്യത്തെ സന്യാസസമൂഹമായിരുന്നു അതു്.

എന്നാൽ വി. അന്തോനി സമാരംഭിച്ച പ്രസ്ഥാനത്തിൽ സന്യാസികൾ ഒന്നുചേർന്നു് ഒരു സമൂഹമായി ജീവിക്കണമെന്നു നിർബന്ധമില്ലായിരുന്നു. സുസംഘടിതമായ ഒരു സമൂഹമല്ലായിരുന്നു അവരുടേതു്. സമൂഹത്തിൻെറ അനുദിനജീവിതചര്യയെ നിയന്ത്രിക്കുന്നതായ ഒരു പൊതുനിയമം അവർക്കില്ലായിരുന്നു. സന്യാസികൾക്കു തനിച്ചോ, രണ്ടു മൂന്നുപേർ ചേർന്നോ, അല്ലെങ്കിൽ ചെറിയ സമൂഹങ്ങളായോ ജീവിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു.

എന്നാൽ ആധുനികസന്യാസസഭകളിൽ വ്രതനിഷ്ഠരായ സന്യാസികൾ ഒരു പൊതുനിയമത്തിനും ശിക്ഷണത്തിനും വിധേയരായി സുസംഘടിതമായ ഒരു സമൂഹമായി ജീവിതം നയിക്കുന്നു. ഈദൃശമായ സന്യാസപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവു് വി. പക്കോമിയൂസ് (St. Pachomius) ആണു്. അദ്ദേഹം എ. ഡി. 292-ാമാണ്ടോടടുത്തു് പുറജാതിക്കാരായ മാതാപിതാക്കന്മാരിൽനിന്നും ജനിച്ചു. ഈജിപ്തായിരുന്നു അദ്ദേഹത്തിൻെറ ജന്മദേശം. 314-ാമാണ്ടിൽ അദ്ദേഹം ക്രിസ്തുമതം സ്വീകരിക്കയും നൈൽനദീതീരത്തുള്ള ടാബെനിസി (Tabennisi) എന്ന സ്ഥലത്തു താമസിച്ചുകൊണ്ടു് സന്യാസജീവിതം ആരംഭിക്കയും ചെയ്തു. എ. ഡി. 318-ൽ പൊതുനിഷ്ഠകളോടുകൂടിയ ഒരു സന്യാസസംഘം സ്ഥാപിക്കുവാൻ ദൈവം തന്നെ ആഹ്വാനം ചെയ്യുന്നതായി അദ്ദേഹത്തിനു തോന്നി. ഉടൻതന്നെ ദൈവേഷ്ടം നിറവേററുന്നതിൽ അദ്ദേഹം വ്യാപൃതനായി. അദ്ദേഹത്തിൻെറ പരിശ്രമഫലമായി നൂതനമായ രീതിയിലുള്ള ഒരു സന്യാസസംഘം രൂപംപ്രാപിച്ചു. സംഘാംഗങ്ങൾ ഒരുമിച്ചു് ഒരേ ആശ്രമത്തിൽ താമസിക്കണമെന്നായിരുന്നു വ്യവസ്ഥ. അവരുടെ അനുദിനജീവിതത്തിലെ ഏററം ലഘുവായ കാര്യങ്ങൾപോലും പൊതുവായ ഒരു നിയമത്താൽ നിയന്ത്രിക്കപ്പെട്ടിരുന്നു. കാലക്രമേണ അദ്ദേഹം ഇത്തരത്തിലുള്ള എട്ടു സന്യാസാശ്രമങ്ങൾകൂടി സ്ഥാപിക്കയുണ്ടായി. ഓരോ ആശ്രമത്തിലേയും സന്യാസികൾ പ്രാർത്ഥിക്കുന്നതും ഭക്ഷണം കഴി

3½ മാസംകൊണ്ടു് രൂപീകരിക്കുക
പുതുപ്രസ്ഥാനം! പൂർണ്ണശാസ്ത്രീയം!!
**ഫ്ളൂട്ട് ബാൻറ്!!**
ഡയറക്ഷൻ:-
സംഗീതശാസ്ത്രസമ്രാട്ട് ശ്രീ
**ജെ. എ. വിതയത്തിൽ**
വിവരങ്ങൾക്കു നേരിട്ടുകാണുക.
Time:- 7 to 9 P. M.
(ഞായർ ഒഴിവു്)
Camp:- (8-9-55 വരെ)
Near R. C. Church,
മേലോരം, Via പെരുവന്താനം

ക്കുന്നതും എല്ലായ്പ്പോഴും ഒരുമിച്ചുവേണമെന്നായിരുന്നു നിയമം. കായികാദ്ധ്വാനം അവരുടെ ജീവിതചര്യയുടെ ഒരു അവിഭാജ്യഘടകമായിരുന്നു. കൃഷിയും കൈത്തൊഴിലുകളും ഏററം സമർത്ഥമായും ആദായകരമായും അവർ നടത്തിപ്പോന്നു.


ഇങ്ങനെ ഒരേ നിയമത്തിനു വിധേയരായി ഒരുമിച്ചുചേർന്നു ഒരു പൊതുവായ നിഷ്ഠയും ക്രമവും അനുസരിച്ചു ജീവിതം നയിക്കുന്ന സന്യാസസമൂഹങ്ങളെ സംഘടിപ്പിക്കുക മാത്രമല്ല വി. പാക്കോമിയൂസ് ചെയ്തതു്. അദ്ദേഹം സ്ഥാപിച്ച വിവിധ ആശ്രമങ്ങളിലെ സന്യാസസമൂഹങ്ങളെ ഒരു പൊതുഭരണവ്യവസ്ഥയിൻകീഴാക്കി സംഘടിപ്പിക്കുകൂടി ചെയ്തു. അങ്ങനെ കത്തോലിക്കാസഭയിലെ പ്രഥമ സന്യാസസഭ രൂപംപ്രാപിച്ചു. അതിൻെറ ഭരണരീതിക്കു ആധുനികസന്യാസസഭകളുടേതിനോടു വളരെ സാദൃശ്യമുണ്ടു്. ഓരോ ആശ്രമവും ഓരോ ശ്രേഷ്ഠൻെറ കീഴിലായിരുന്നു. പ്രധാനാശ്രമത്തിലെ ശ്രേഷ്ഠൻ സഭയുടെ പൊതുശ്രേഷ്ഠൻ (Abbot) കൂടിയായിരുന്നു. അദ്ദേഹമാണു് മററാശ്രമങ്ങളിലെ ശ്രേഷ്ഠന്മാരെ നിയമിച്ചിരുന്നതു്. അദ്ദേഹം എല്ലാ ആശ്രമങ്ങളിലും നിശ്ചിതസമയങ്ങളിൽ ഔദ്യോഗികസന്ദർശനങ്ങൾ നടത്തുകയും സഭയുടെ പൊതുവായ മേൽനോട്ടവും, നിയന്ത്രണവും വഹിക്കയും ചെയ്തിരുന്നു. ആണ്ടുവട്ടത്തിലൊരിക്കൽ പ്രധാന ആശ്രമത്തിൽ വച്ചു് സഭയുടെ ഒരു പൊതുസമ്മേളനം നടത്തപ്പെട്ടിരുന്നു. വി. പക്കോമിയൂസ് 346 എ. ഡി. യിൽ ദിവംഗതനായി. അക്കാലംകൊണ്ടു് സഭാംഗങ്ങളുടെ എണ്ണം അനേകായിരമായി വർദ്ധിച്ചുകഴിഞ്ഞിരുന്നു.

വി. പക്കോമിയൂസിനു് മേരി എന്നു പേരായ ഒരു സഹോദരിയുണ്ടായിരുന്നു. ഒരുദിവസം അവൾ ടാബെനീസി (Tabennisi) യിൽച്ചെന്നു് സഹോദരനെ കാണണമെന്നു് ആവശ്യപ്പെട്ടു. അദ്ദേഹം അവളുടെ അഭ്യർത്ഥന നിരസിച്ചു. എങ്കിലും തന്നെപ്പോലെ സന്യാസജീവിതം നയിക്കുവാൻ അവൾ സന്നദ്ധയാണെങ്കിൽ അവൾക്കുവേണ്ടി ഒരാശ്രമം പണികഴിപ്പിച്ചുകൊടുക്കാൻ താൻ തയ്യാറാണെന്നുള്ള വിവരം അവളെ അറിയിച്ചു. മേരി ഒട്ടും തന്നെ മടിച്ചില്ല. താമസംവിനാ വനിതകൾക്കായി ഒരാശ്രമം പണിതീർക്കപ്പെട്ടു. സന്യാസജീവിതം അഭിലഷിച്ചുവന്ന വനിതകൾ അവിടെ അംഗങ്ങളായിച്ചേർന്നു. അങ്ങനെ ആദ്യത്തെ സന്യാസിനീഗൃഹം സ്ഥാപിതമായി. മേരിയായിരുന്നു ആ സ്ഥാപനത്തിൻെറ ആദ്യത്തെ അധിപ (Prioress).

നാലാംശതാബ്ദത്തിൻെറ ആദ്യഘട്ടത്തിൽത്തന്നെ വി. അന്തോനിയുടേയും വി. പക്കോമിയൂസിൻേറയും വിഭിന്നങ്ങളായ സന്യാസപ്രസ്ഥാനങ്ങൾ ഈജിപ്തിൽനിന്നു സിറിയാ, ഏഷ്യാമൈനർ എന്നീ രാജ്യങ്ങളിലേക്കു് വ്യാപിക്കുകയുണ്ടായി. നാലാംശതാബ്ദം അവസാനിക്കുന്നതിനുമുൻപു് അവയ്ക്കു് കിഴക്കെ യൂറോപ്പിലും, പേർഷ്യായിലും, അറേബ്യായിലും പ്രചാരംസിദ്ധിച്ചു. വി. ബെയ്സിലും അദ്ദേഹത്തിൻെറ മിത്രമായ നസിയാൻസസിലെ വി. ഗ്രീഗരിയും സന്യാസജീവിതം നയിക്കുന്നതും ആ പ്രസ്ഥാനത്തെ വിജയകരമാംവണ്ണം പ്രചരിപ്പിക്കുന്നതും മുൻലേഖനങ്ങളിൽ നാം കണ്ടുകഴിഞ്ഞു.

ഈജിപ്തിലെ സന്യാസപ്രസ്ഥാനത്തെപ്പററിയുള്ള അറിവു് പശ്ചിമയൂറോപ്പിനു ലഭിച്ചതു് വി. അത്തനേഷ്യസ് മുഖേനയാണു്. എ. ഡി. 340-ൽ രണ്ടു സന്യാസിമാരോടുകൂടി അദ്ദേഹം റോമാ സന്ദർശിക്കുകയുണ്ടായി. നിത്യനഗരത്തിൻെറ തെരുവീഥികളിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട സന്യാസികൾ ഈ രണ്ടുപേരായിരുന്നു. സന്യാസജീവിതത്തെപ്പററിയുള്ള വിവരങ്ങൾ പാശ്ചാത്യരുടെയിടയിൽ അറിയപ്പെടുന്നതിനു് ഈ സന്ദർശനം സഹായകമായി ഭവിച്ചു. കൂടാതെ വി. അത്തനേഷ്യസ് രചിച്ചതായ ഈജിപ്തിലെ വി. അന്തോനിയുടെ ജീവചരിത്രം ലത്തീൻഭാഷയിലേക്കു നേരത്തെതന്നെ വിവർത്തനം ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. പ്രസ്തുത ഗ്രന്ഥം വി. അഗസ്തീനോസിൻെറ മാനസാന്തരത്തിൽ വലിയ ഒരു പങ്കു വഹിച്ചുവെന്നു മാത്രമല്ല ഇററലി, ഉത്തരാഫ്രിക്കാ, ഗാൾ എന്നീ പ്രദേശങ്ങളിൽ സന്യാസപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കു ശക്തിയായ പ്രചോദനം നൽകുകയുംചെയ്തു.





Sr. Alphonsa, I.C.

**For favours received**
Excuse delay
K. A. Ittyannam

ഗാൾ (Gaul) പ്രദേശത്തു് സന്യാസപ്രസ്ഥാനത്തിൻെറ പ്രചാരത്തിനു് നേതൃത്വം നൽകിയതു് ടൂർസിലെ വി. മാർട്ടിൻ (St. Martin of Tours) ആണു്. അദ്ദേഹം ഏ. ഡി. 316-ാമാണ്ടിനടുത്തു ആധുനികഹംഗറിയിൽ ഉൾപ്പെട്ട പനോണിയാ (Pannonia) എന്ന റോമൻ പ്രവിശ്യയിൽ ജനിച്ചു. പുറജാതിക്കാരായിരുന്ന മാതാപിതാക്കന്മാരുടെ അഭിലാഷത്തിനെതിരായി അദ്ദേഹം പത്തു വയസ്സു മാത്രം പ്രായമുള്ളപ്പോൾ കത്തോലിക്കാസഭയിലെ ഒരു അദ്ധ്യേതാവായി (Catechumen) തീർന്നു. പതിനഞ്ചാംവയസ്സിൽ പിതാവിൻെറ നിർബ്ബന്ധപ്രകാരം അദ്ദേഹം സൈന്യത്തിൽ ചേർന്നു. ഒരു സൈനികൻ എന്ന നിലയിൽ ആണു് അദ്ദേഹം ആദ്യമായി ഗാളിൽ പ്രവേശിച്ചതു്. അവിടെയുള്ള ആമിൻസ് (Amiens) എന്ന നഗരത്തിലെ സൈന്യസങ്കേതത്തിൽ താമസിച്ചുവരവേ മഞ്ഞുകാലത്തു് കഠിനമായ തണുപ്പുള്ള ഒരു രാത്രി പട്ടണകവാടത്തുങ്കൽവച്ചു് അർദ്ധനഗ്നനായ ഒരു ഭിക്ഷുവിനെ അദ്ദേഹം കണ്ടുമുട്ടി. പട്ടാളമേലങ്കിയും ആയുധങ്ങളുമല്ലാതെ അദ്ദേഹത്തിൻെറ കൈവശം അപ്പോൾ യാതൊന്നുമില്ലായിരുന്നു. ഒട്ടും മടിക്കാതെ വാൾകൊണ്ടു് തൻെറ മേലങ്കി രണ്ടായി മുറിച്ചു് പകുതി ആ സാധുവിനു കൊടുത്തു. പിറേറദിവസം രാത്രി അദ്ദേഹത്തിനുണ്ടായ ഒരു സ്വപ്നത്തിൽ ക്രിസ്തുനാഥൻ ദൈവദൂതന്മാരോടു് ഇപ്രകാരം പറയുന്നതായി അദ്ദേഹം കേട്ടു. "മാർട്ടിൻ ഇപ്പോഴും ഒരു അദ്ധ്യേതാവുമാത്രമാണെങ്കിലും സ്വന്ത വസ്ത്രംകൊണ്ടു് അവൻ എന്നെ പുതപ്പിച്ചു് ആശ്വസിപ്പിച്ചു."

അധികനാൾകഴിയുംമുൻപു് മാർട്ടിൻ സൈനികജീവിതം ഉപേക്ഷിച്ചു് ജ്ഞാനസ്നാനം സ്വീകരിച്ചു. വീട്ടിൽ മടങ്ങിയെത്തിയശേഷം സ്വമാതാപിതാക്കന്മാരുടെ മാനസാന്തരത്തിനായി അദ്ദേഹം ഉററു പരിശ്രമിച്ചു. മാതാവിൻെറ മേൽ അദ്ദേഹം വിജയം നേടി എങ്കിലും പിതാവു് ബഹുദേവമതത്തിൽതന്നെ ഉറച്ചുനിൽക്കുകയാണുണ്ടായതു്. അചിരേണ ആരിയൻ പാഷണ്ഡപക്ഷക്കാർ മാർട്ടിനെ പനോണിയായിൽനിന്നും ബഹിഷ്കരിച്ചു. ഏതാനും വർഷം ഒരു താപസനായി ഇററലിയിൽ കഴിച്ചുകൂട്ടിയശേഷം അദ്ദേഹം വീണ്ടും ഗാളിൽ എത്തിച്ചേർന്നു. അവിടെ വി. ഹിലാരിയുടെ പ്രോത്സാഹനത്തോടുകൂടി പോയിഷ്യേഴ്സ് (Poitiers) എന്ന നഗരത്തിനു സമീപം അദ്ദേഹം ഒരു സന്യാസാശ്രമം സ്ഥാപിച്ചു. ഗാൾപ്രദേശത്തെ പ്രഥമ ആശ്രമമായിരുന്നു അതു്.

ഏ. ഡി. 371ൽ മാർട്ടിൻ ടൂർസിലെ (Tours) മെത്രാനായി നിയമിക്കപ്പെട്ടു. അദ്ദേഹം ചെയ്ത പ്രസംഗങ്ങളും അത്ഭുതങ്ങളും മുഖേന തൻെറ രൂപതാസീമയിൽനിന്നും വിഗ്രഹാരാധനയെ ഉന്മൂലനം ചെയ്യുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. മെത്രാൻസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടു എങ്കിലും തൻെറ സന്യാസനിഷ്ഠകളെ അദ്ദേഹം ഒരിക്കലും വിസ്മരിച്ചില്ല. തൻെറ സമയത്തിൽ ഒരു ഭാഗമെങ്കിലും യഥാർത്ഥസന്യാസമുറയനുസരിച്ചു ചെലവഴിക്കുന്നതിനുവേണ്ടി അദ്ദേഹം ടൂർസ് പട്ടണത്തിൽ ലോയിർ (Loire) നദിയുടെ തീരത്തു് ഒരു ആശ്രമം പണികഴിപ്പിച്ചു. വിശുദ്ധ മാർട്ടിൻെറ ആശ്രമം (The Abbey of Marmoutiers) എന്ന പേരിൽ ഈ സ്ഥാപനം പിൽക്കാലങ്ങളിൽ ഭുവനപ്രസിദ്ധമായിത്തീർന്നു. വി. മാർട്ടിൻ 397-ാമാണ്ടു് ചരമമടഞ്ഞു. പിന്നീടു് ഗാൾപ്ര



# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പാ തൊഴിലാളികളോട്

സെൻറ് പീറ്റേഴ്സിൽവച്ചു 10,000 വരുന്ന ഇററാലിയൻ റെയിൽവെ തൊഴിലാളികളുടെ ഒരു സംഘത്തോടു പ്രസംഗിക്കയിൽ പരിശുദ്ധ മാർപ്പാപ്പാ പറഞ്ഞതിപ്രകാരമാണ്, "നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു നിങ്ങൾ പ്രബലമായ സംഘടനകൾ രൂപവല്ക്കരിക്കുന്നതിൽ യാതൊരു യഥാർത്ഥ ക്രിസ്ത്യാനിക്കും കുററമാരോപിക്കുവാൻ കഴിയുന്നതല്ല." ഈ അവകാശപ്രഖ്യാപനത്തോടൊപ്പം തിരുമേനി നൽകിയ മുന്നറിയിപ്പ് അവർ അക്രമപ്രസക്തരാവുകയോ, ന്യായമായ ലക്ഷ്യങ്ങളെ പ്രാപിക്കുന്നതിനുള്ള മററുള്ളവരുടെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുകയോ ചെയ്യരുതെന്നായിരുന്നു. "തൊഴിലാളികളെ അവരുടെ മതവിശ്വാസമനുസരിച്ചുള്ള ജീവിതത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻവേണ്ടി വ്യർത്ഥമായ വാഗ്ദാനങ്ങൾകൊണ്ടു വഞ്ചിക്കുവാൻ ഒരു വിഭാഗം ആളുകൾ ചെയ്തുകൊണ്ടിരിക്കുന്ന കാപട്യപൂർണ്ണവും ചരിദ്രാന്മുഖവുമായ പ്രവർത്തനങ്ങളെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കണ"മെന്നാണ് കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളെ പ്രത്യേകം ലക്ഷ്യമാക്കി അവിടുന്നു പ്രസ്താവിച്ചതു്.

## ബ്രസ്സീലിലെ ദിവ്യകാരുണ്യ കോൺഗ്രസ്

ബ്രസ്സീലിന്റെ തലസ്ഥാനമായ റിയോഡിജനയിരോയിൽ കഴിഞ്ഞ ഒരാഴ്ചമുഴുവനും ആഘോഷിക്കപ്പെട്ട 36-ാമത്തെ സാർവ്വലൗകികദിവ്യകാരുണ്യകോൺഗ്രസ്സ് ഞായറാഴ്ചത്തെ ദിവ്യകാരുണ്യപ്രദക്ഷിണത്തോടുകൂടി സമാപിച്ചിരിക്കുന്നു. കോൺഗ്രസ്സിന്റെ വിവിധപരിപാടികളുടെ വിശദവിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ വന്നുചേരുന്നതേയുള്ളു. സമ്മേളനത്തിനിടയിൽ നടത്തപ്പെട്ട കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണം പ്രത്യേകം ശ്രദ്ധാർഹമായിരുന്നു. രണ്ടരലക്ഷം കുട്ടികൾ അതിൽ പങ്കെടുത്തു. മെത്രാന്മാരും വൈദികരുമായി 2500 പേരാണ് ദിവ്യകാരുണ്യം എഴുന്നെള്ളിച്ചു കൊടുത്തതു്. ഹോളണ്ടിൽനിന്നും വിമാനമാർഗ്ഗം വരുത്തിയ മനോഹരപുഷ്പങ്ങൾകൊണ്ടു അലങ്കരിച്ച അൾത്താരയിൽ സാൻറിയാഗോ ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോസ് മരിയാ ക്യാരോരൊഡ്റിഗസ്സ് തിരുമേനിയാണ് ദിവ്യബലിയർപ്പിച്ചതു്. പത്തുലക്ഷത്തോളം ജനങ്ങൾ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു.

---

ദേശത്തെ ആക്രമിച്ചു കീഴടക്കിയ ഫ്റാങ്കുവർഗ്ഗക്കാർ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അവരുടെ സ്വർഗ്ഗീയരക്ഷാധികാരിയായി തെരഞ്ഞെടുത്തതു് വി. മാർട്ടിനെയാണ്. ഈ വിശുദ്ധനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളവയായി ഇന്നും പശ്ചിമയൂറോപ്പിൽ കാണപ്പെടുന്ന നിരവധി ദേവാലയങ്ങൾ സന്യാസിയും മെത്രാനുമായ ആ പുണ്യാത്മാവിനോടു അവിടത്തെ ജനങ്ങൾക്കുള്ള സവിശേഷമായ സ്നേഹാദരങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു.

## പാസഫിക്കുരാജ്യങ്ങളുടെ സാമൂഹികപ്രവർത്തനകോൺഫറൻസ്

ആസ്ട്രേലിയൻ ഹയരാർക്കിയുടെനേതൃത്വത്തിൽപാസഫിക്ക് രാജ്യങ്ങളെയെല്ലാം സംബന്ധിക്കുന്ന ഒരു സാമൂഹികപ്രവർത്തനകോൺഫറൻസ് ജൂൺ 20 മുതൽ 26 വരെ തീയതികളിൽ മെൽബോൺ നഗരത്തിൽവച്ചു നടത്തപ്പെട്ടു. അതിൽ ഇന്ത്യ, സിലോൺ, ഇൻഡോനേഷ്യാ, മലയ, ന്യൂസിലണ്ടു്, അമേരിക്കൻ ഐക്യരാജ്യങ്ങൾ ഇവയിലെ കത്തോലിക്കാ ഹയരാർക്കികൾ പ്രതിനിധികളെ അയച്ചിരുന്നു. കോൺഫറൻസിന്റെ ഉദ്ദേശ്യങ്ങൾ ഇവയാണ്:- 1. കഴിഞ്ഞ മഹായുദ്ധത്തിനുശേഷം ഈ രാജ്യങ്ങളിലുണ്ടായിട്ടുള്ള സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പരിവർത്തനങ്ങളെപ്പററി പഠിക്കുക; 2. അംഗരാജ്യങ്ങളിൽ തിരുസ്സഭയുടെ പുരോഗതിയെ അനുകൂലമായും പ്രതികൂലമായും ബാധിക്കുന്ന ശക്തികളേയും പ്രവണതകളേയും നിരീക്ഷിക്കുക; 3. ഈ രാജ്യങ്ങളിലെ സാഹചര്യങ്ങളിൽ കത്തോലിക്കാ സാമൂഹികസിദ്ധാന്തങ്ങൾ എങ്ങനെ സ്വീകരിക്കപ്പെടാമെന്നും പ്രയോഗിക്കപ്പെടാമെന്നും നിർണ്ണയിക്കുക; 4. ട്രേഡ്‌യൂണിയനുകൾ, കോഓപ്പറേറ്റീവ് സംഘടനകൾ, സാങ്കേതികസമിതികൾ മുതലായവയുടെ പ്രവർത്തനങ്ങൾ സമാരംഭിക്കുന്നതിലും വികസിപ്പിക്കുന്നതിലും അൽമായസഹകരണത്തെ എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാമെന്നു പരിശോധിക്കുക; 5. ഈദൃശപ്രവർത്തനങ്ങളേയും ആദർശങ്ങളേയും സംബന്ധിച്ച് രാജ്യങ്ങൾ തമ്മിൽ ആശയവിനിമയം ചെയ്യുന്നതിനു് ഒരു സിക്രട്ടേരിയേററു സംഘടിപ്പിച്ചു പ്രവർത്തിപ്പിക്കുക. ഇന്ത്യയെ പ്രതിനിധീകരിച്ചു മെൽബോൺ കോൺഫറൻസിൽ സംബന്ധിച്ചിരുന്നതു് മി. എം. രത്തിനസ്വാമി എം. എ., കെ. എസ്. ജി. അവർകളായിരുന്നു.

## ചരമവാർത്തകൾ

**കടുത്തുരുത്തി:** ഈ ഇടവക ചേമ്പാലയിൽ ബ. മത്തായി അച്ചൻ ജൂലൈ 12-ാംനു- മരിച്ചു. ശവസംസ്കാരം പാലാ വികാരി ജനറാൾ റൈററ് റവ. മോൺ. എമ്മാനുവേൽ മേച്ചേരിക്കുന്നേൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും, മററനേകം വൈദികരുടേയും വമ്പിച്ച ജനാവലിയുടേയും സഹകരണത്തിലും ബുധനാഴ്ച 12 മണിക്കു സ്ഥലം താഴത്തുപള്ളി സിമിത്തേരിയിലുള്ള കല്ലറയിൽ നടത്തപ്പെട്ടു. മംഗലപ്പുഴ സെമ്മിനാരി മല്പാൻ വെരി റവ. ഫാദർ ജോർജ്ജ് പുത്തൻപുരക്കൽ ചരമപ്രസംഗം ചെയ്തു. സംസ്കാരാനന്തരം സാധുക്കൾക്കു അന്നദാനമുണ്ടായിരുന്നു.

**ആനിക്കാട്:** ഉപ്പുതറപള്ളി വികാരി റവ. ഫാദർ തോമസ് സി. പാറേൽ, ക്ലാരമഠാംഗമായ സിസ്റ്റർ എവുപ്രേസിയാ എന്നിവരുടെ മാതാവ് ആനിക്കാട്ടുപള്ളി ഇടവക പാറേൽ ശ്രീമതി ചാക്കോ മറിയം ജൂലൈ 3-ാംനു-യും, പിതാവ് പാറേൽ ശ്രീ ഐപ്പു ചാക്കോ 82-ാമത്തെ വയസ്സിൽ ജൂലൈ 10-ാംനു-യും കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരചടങ്ങുകൾ സ്വപുത്രന്റെ പ്രധാന കാർമ്മികത്വത്തിൽ ജൂലൈ 4, 11 എന്നീ തീയതികളിൽ നിർവ്വഹിക്കപ്പെട്ടു. നിരവധി വൈദികരും വലിയ ഒരു ജനാവലിയും ചടങ്ങുകളിൽ പങ്കെടുത്തിരുന്നു. ഉപ്പുതറപള്ളി ഇടവകക്കാർ പള്ളിസാമാനങ്ങളുമായി ചടങ്ങുകളിൽ പങ്കെടുത്തു.

**അരുവിത്തുറ:** ഈ ഇടവക കയ്യാണിയിൽ കുഞ്ഞുമാത്തുണ്ണി ജൂലൈ 8-ാംനു- 97-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം റവ. ഫാദർ ററി. സി. ജോസഫ് ബി. എ. അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി നടത്തപ്പെട്ടു.

**ചേരാനല്ലൂർ:** സ്ഥലം കോട്ടപ്പുറമ്പ് പള്ളി ഇടവക പുതുശ്ശേരി (തുരുത്തുങ്കൽ) കുഞ്ഞവര ഭാര്യ ത്രേസ്യാമ്മ വാർദ്ധക്യസഹജമായ സുഖക്കേടു നിമിത്തം 78-ാമത്തെ വയസ്സിൽ ജൂലൈ 13-ാം തീയതി നിര്യാതയായിരിക്കുന്നു. പിറേറദിവസം ദർശനസമൂഹങ്ങളുടെയും പല വൈദികരുടേയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരം നടന്നു. സാധുക്കൾക്ക് അരിയും മററും നൽകുകയുണ്ടായി.

**മഞ്ഞപ്ര:** സ്ഥലം മഠസ്ഥാപകയും ഏറെനാൾ അതിന്റെ ശ്രേഷ്ഠത്തിയുമായിരുന്ന ബ. മറിയം മഗ്ദലേനാ സഹോദരി 78-ാമത്തെ വയസ്സിൽ ജൂലൈ 7-ാംനു- മരണം പ്രാപിച്ചു. വെ. റവ. മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടേയും കന്യാസ്ത്രീകളുടെയും വലിയൊരു ജനക്കൂട്ടത്തിന്റേയും സഹകരണത്തിലും ശവസംസ്കാരകർമ്മം യഥാവിധി നിർവ്വഹിക്കപ്പെട്ടു. വെ. റവ. ഫാ. ജോർജ്ജ് കവലക്കാട്ട് ചരമപ്രസംഗം നടത്തി. പരേത സ്ഥലത്തെ വടക്കഞ്ചേരി കുടുംബത്തിലെ അംഗമാണ്.

**ചെങ്ങളം:** ഈ ഇടവക നിരപ്പേൽ സ്കറിയാ അന്നമ്മ 75-ാമത്തെ വയസ്സിൽ ജൂൺ 22-ാംനു- കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം 4 മണിക്ക് റവ. ഫാദർ തോമസ് ആയിത്തമററം അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മററു വൈദികരുടേയും ബന്ധുമിത്രാദികളുടേയും സഹകരണത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ. ഫാദർ എബ്രാഹം നെടുംതകിടി ബി. എ. ബി. ററി. അവർകൾ ചരമപ്രസംഗം നടത്തി.

**അന്തീനാട്:** ഉള്ളനാടു പള്ളി ഇടവക അവുസേപ്പറമ്പിൽ (നെടുവട്ടുകുന്നേൽ) കുരുവിള ആഗസ്തി ഹൃദ്രോഗം മൂലം 41-ാമത്തെ വയസ്സിൽ ജൂലൈ 20-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം പള്ളിസിമിത്തേരിയിൽ ഉള്ള കുടുംബക്കല്ലറയിൽ മൃതദേഹം ആഡംബരപൂർവ്വം സംസ്കരിക്കപ്പെട്ടു.

**എറണാകുളം:** സ്ഥലം ഉണ്ണീശോപള്ളിയിൽ ദീർഘകാലം അൾത്താരശുശ്രൂഷജോലിയിൽ (Sexton) സ്തുത്യർഹമായസേവനമനുഷ്ഠിച്ചുപോന്ന മി. ആൻറണി ആൽവൻ ജൂലൈ 19-ാംനു-രാവിലെ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരംവൈകിട്ട് $5\frac{1}{2}$ മണിക്കു വെ. ബ. മോൺസിഞ്ഞോരന്മാർ ആദിയായ30ഓളം വൈദികരുടേയും വമ്പിച്ച ജനക്കൂട്ടത്തിന്റേയും സഹകരണത്തോടുകൂടി യഥാവിധിനിർവ്വഹിക്കപ്പെട്ടു.

R. I. P.

## ഇടവകവാർത്തകൾ

**കൊളമ്പ്:** കേരളസിലോൺ കത്തോലിക്കാ അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ ദുക്റാനത്തിരുനാൾ ഇക്കൊല്ലം ജൂലായ് 10-ാംനു- ഹോളീറോസ്സറി ചർച്ച് സ്ലേവൈലണ്ടിൽ ത്രിദിനപരിപാടികളോടുകൂടി ആഘോഷിക്കപ്പെട്ടു. സുമാർ ഒന്നരമണിക്കൂർ നീണ്ടുനിന്ന പട്ടണപ്രദക്ഷിണത്തിൽ 2000 ത്തിലധികംപേർ സംബന്ധിച്ചിരുന്നു. അനന്തരം പള്ളിയിൽവച്ച് ബ: പ്രസിഡന്റ് മാത്തോമ്മായെപ്പററി ഒരു പ്രസംഗംനടത്തി.

**അമയന്നൂർ:** യാക്കോബായസഭാംഗമായ ശ്രീ മത്തായി (കുട്ടപ്പി) വെട്ടിക്കുന്നേൽ അവർകളും കുടുംബാംഗങ്ങളും ഈയിടെ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു.

**കടുത്തുരുത്തി:** കടുത്തുരുത്തി താഴത്തുപള്ളിയിൽ മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാളാഘോഷത്തോടനുബന്ധിച്ചു ജൂലൈ മൂന്നാംതീയതി റവ. ഫാ. മാത്യു ചൂരക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ സൺഡേസ്കൂൾ, മിഷൻലീഗ്, വിൻസെൻറ് ഡി പോൾ എന്നിവയുടെ ഒരു വിശേഷാൽ യോഗം നടത്തപ്പെട്ടു. ശ്രീ എം. എ. തോമസ് അവർകൾ പ്രസംഗിച്ചു. പ്രശസ്തവിജയികൾക്കായി 50ഓളം സമ്മാനങ്ങൾ നൽകപ്പെട്ടു. വൈകിട്ട് "തൊഴിലാളികൾക്കുവേണ്ടി" എന്ന നാടകം സഖ്യാംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

**പൂവത്തോട്:** സ്ഥലം മിഷൻലീഗിന്റെ സജീവപ്രവർത്തകരും സൺഡേസ്കൂൾ അദ്ധ്യാപകരുമായിരുന്ന എം. വി. വർക്കി, ററി. എം. മത്തായി എന്നിവർ മിഷൻപ്രവർത്തനാർത്ഥം ഈശോസഭയിലും സിലുവൈഗിരി ആശ്രമത്തിലും ചേർന്നിരിക്കുന്നു.

**ആലപ്പുഴ:** തത്തമ്പള്ളി സി. വൈ. എം. ഏ. യുടെ ആഭിമുഖ്യത്തിൽ ദേശീയദിനം പ്രമാണിച്ച് ശ്രീ എൻ. ഐ. തോമസ് ബി. എ. ബി. എൽ. ന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം രാവിലെ 9 മണിക്ക് സമാജമന്ദിരത്തിൽ കൂടി, മധുരപലഹാരവിതരണം മുതലായവയോടുകൂടി പിരിഞ്ഞു.

ആഴ്വാട്ടു് സെൻറ് മേരീസ് കത്തോലിക്ക് യൂണിയന്റെ ആഭിമുഖ്യത്തിൽ വൈകുന്നേരം 4 മണിക്ക് ഒരു യോഗം ശ്രീ പി. സി. മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. യൂണിയൻ പ്രസിഡണ്ടു് ശ്രീ കെ. മാത്യു സ്വാഗതം പറഞ്ഞു. തുടർന്ന് ശ്രീ ഏ. എൻ. ജോൺ പ്രസംഗിച്ചു. അനന്തരം തിരുഹൃദയവണക്കമാസസമാപനാഘോഷവും സന്നിഹിതരായിരുന്നവർക്ക് പാച്ചോറുവിതരണവും ഉണ്ടായിരുന്നു.

സ്ഥലം സെൻറ് തോമസ് യൂണിയന്റെ പ്രഥമവാർഷികം 3-ാംനു-വൈകുന്നേരം യൂണിയൻവക ഗ്രൗണ്ടിൽവച്ച് വെരി റവ. ഫാദർ ഫ്റാൻസിസ് സാലസ് സി. ഡി. എം. എ. യുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടി. ഫാദർ ഗ്രിഗരി കല്ലുപ്പറമ്പൻ സ്വാഗതം പറഞ്ഞു. ശ്രീ കെ. സി. ജേക്കബ് എം. എ. വെരി റവ. ഫാദർ തോമസ് പുരയ്ക്കൽ എസ്. ജെ. എന്നിവർ പ്രസംഗിച്ചു. ശ്രീ വി. ജെ. കുര്യൻ വള്ളവന്തറ കൃതജ്ഞത പ്രകടിപ്പിച്ചു.

**മൂക്കന്നൂർ:** ജൂലൈ 17-ാം തീയതി പള്ളിയങ്കണത്തിൽവച്ചു റവ. ഫാ. ഫിലിഫ് കാനാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഇവിടെ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ ജൂബിലി മഹാമഹം അടുത്ത മേയ്മാസത്തിൽ വിവിധസമ്മേളനങ്ങൾ, കലാപരിപാടികൾ, പ്രദർശനം, കായികമത്സരങ്ങൾ, സാഹിത്യമത്സരങ്ങൾ, പുരാണകലാപ്രകടനങ്ങൾ മുതലായ വിവിധപരിപാടികളോടുകൂടി മൂന്നു ദിവസമായി നടത്തുന്നതിനും, സമ്മേളനങ്ങൾക്ക് അഖിലേന്ത്യാപ്രശസ്തരായ നേതാക്കന്മാരെ ക്ഷണിക്കുന്നതിനും തീരുമാനിച്ചു. ആയതിന്റെ നടത്തിപ്പിനാവശ്യമായ വിവിധകമ്മററികൾ രൂപീകരിക്കയും ചെയ്തിരിക്കുന്നു.

**മററക്കര:** മിഷൻലീഗംഗമായിരുന്ന ബ്ര: കെ. എം. മത്തായി കണ്ണാടിപ്പാറ കപ്പൂച്ചിൻ സഭയിൽ ചേർന്ന് വൈദികപഠനത്തിനായി കോയമ്പത്തൂർക്കു പോയിരിക്കുന്നു. മിസ് കെ. എം. അന്നക്കുട്ടി, എ. പി. ഏലിക്കുട്ടി, പി. പി. മേരി, എം. ജെ. ത്രേസ്യാമ്മ എന്നിവർ വിവിധ സന്യാസസഭകളിൽച്ചേർന്ന് വിദേശങ്ങളിലേക്കു പോയിരിക്കുന്നു.

ദുക്റാനത്തിരുനാൾ പ്രമാണിച്ച് സ്ഥലം മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. റവ. ഫാദർ മാത്യു വെള്ളിയങ്കണ്ടം അദ്ധ്യക്ഷതവഹിച്ചു. പല മഹത്തുക്കളുടെ പ്രസംഗങ്ങളും കുട്ടികളുടെ വിനോദപ്രകടനങ്ങളുമുണ്ടായിരുന്നു.

**അറക്കുളം പുത്തൻ:** മിഷൻലീഗ് അറക്കുളം പ്രാ: കൗ: സെക്രട്ടറി ബ്രദർ എം. എ. തോമസ് മഞ്ഞക്കുന്നേൽ സ്ഥലം ശാഖ സന്ദർശിച്ച് ലീഗംഗങ്ങൾക്കു നിർദ്ദേശങ്ങൾ നൽകുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

**ആവോലി:** ദി മോർണിങ് സ്റ്റാർ ക്ലബ്ബിന്റെ ഒരു പൊതുയോഗം പ്രസിഡന്റ് ശ്രീ സി. എം. തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി അടുത്തവർഷത്തേക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു. യോഗത്തിൽവച്ച് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന "മേരിലാൻഡ്" കലാസമിതിയിലെ ഹാസ്യനടനായ ശ്രീ കെ. പി. ജോസഫ് കട്ടക്കയം അവർകൾക്ക് ഒരു എണ്ണച്ചായാപടം സമ്മാനം നൽകുകയുമുണ്ടായി. മെ. ടി. എം. വർക്കി, വി. വി. കുര്യാക്കോസ് എന്നിവർ പുതിയ ഭരണസമിതിയെ അനുമോദിച്ചു പ്രസംഗിച്ചു. യോഗാനന്തരം മധുരപലഹാരവിതരണവുമുണ്ടായിരുന്നു.

**കല്ലൂർക്കാട്:** സ്ഥലത്തെ മരിയൻ സൊഡാലിററിയുടെ ഒരംഗമായിരുന്ന കപ്യാരുമലയിൽ (നെടുമലയിൽ) തൊമ്മൻ ജോസഫ് ജൂലൈ 5-ാംനു- ലക്നൗ മിഷനിലേക്കു പോയിരിക്കുന്നു.

**മേലൂർ:** തോമാശ്ലീഹായുടെ തിരുനാൾ പ്രമാണിച്ച് ജൂലായ് 3-ാംനു- പള്ളിവികാരിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം നടത്തി. യോഗത്തിൽ വി. ഒ. കുര്യപ്പൻ, പി. എൽ. മേരി, ടി. ടി. റോസി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ പ്രേഷിതഗാനങ്ങൾക്കു പുറമെ വിനോദപ്രകടനങ്ങളുമുണ്ടായിരുന്നു.

**വാഴക്കുളം:** അ. കേ. ക. കോൺഗ്രസിന്റെ ബെത്‌ലഹം ശാഖ സമ്മേളിച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും പ്രസിഡന്റ് സ്ഥാനത്തേക്ക് ഷെവ: തയ്യിൽ കുഞ്ഞിത്തൊമ്മനെ നാമനിർദ്ദേശം ചെയ്യുകയും ചെയ്തിരിക്കുന്നു.

**ആഞ്ഞിലികുന്നു്:** സ്ഥലം സെൻറ് പീറേറഴ്സ് സി. വൈ. എം. എ. യുടെ ഒരു വിശേഷാൽയോഗം ജൂലൈ 2-ാംനു ശനിയാഴ്ച ആഞ്ഞിലികുന്നു് മിഷൻപള്ളിയിൽ കൂടി വിശുദ്ധ തോമ്മാശ്ലീഹായുടെ "പ്രേഷിതതാസ്മരണ" സമംഗളം കൊണ്ടാടി. റവ. ഫാദർ ഗീവറുഗീസ് കുററിയിൽ യോഗത്തിൽ ആദ്ധ്യക്ഷംവഹിച്ചു. ശ്രീ ഈ. അബ്രാഹം പ്രസംഗിച്ചു.

**മമ്മിയൂർ:** സ്ഥലം ലിററിൽ ഫ്ളവർ കോൺവെൻറു വകയായി "ലിററിൽ ഫ്ളവർ കോളേജ് ഗുരുവായൂർ" എന്ന പേരിൽ സ്ത്രീകൾക്കു ഒരു പുതിയ കോളേജ് തുറന്നിരിക്കുന്നു. ഉൽഘാടനം തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജി. സി. ആലപ്പാട്ടു ജൂലൈ 1-ാംനു വെള്ളിയാഴ്ച രാവിലെ നിർവ്വഹിച്ചു. തദവസരത്തിൽഉദ്യോഗസ്ഥന്മാരും പൗരമുഖ്യന്മാരുമായ പലരും അവരുടെ ആശംസകളും സന്ദേശങ്ങളും അറിയിച്ചിരുന്നു. പൊതുയോഗത്തിൽ വിദ്യാർത്ഥിനികളുടെ കലാപ്രകടനങ്ങൾ ഏവരേയും ആനന്ദിപ്പിച്ചു.

**ആനക്കല്ലു്:** ഈ പള്ളിയിടവകയിലെ മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ മാർത്തോമ്മാദിനം സാഘോഷം കൊണ്ടാടിയിരിക്കുന്നു. തൽസംബന്ധമായി ചേന്ന പൊതുയോഗത്തിൽ റവ. ഫാദർ ഫ്റാൻസീസ് പാട്ടത്തിൽ അദ്ധ്യക്ഷതവഹിച്ചു. ബ്രദർ എൻ. എം. സ്കറിയാ ബി. എസ്‌സി., ബ്രദർ ജോസഫ് ജെ. കൊച്ചുപുരയ്ക്കൽ, ബ്രദർ എം. ജെ. ഡോമിനിക്കു് ബി. എ. എന്നിവർ പ്രസംഗിച്ചു.

**വല്ലം:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സത്യാരാധനസംഘത്തിൻെറ പ്രഥമ അർദ്ധവാർഷികം ജൂൺ 26-ാംനു ഞായറാഴ്ച സ്ഥലം സ്കൂൾഹാളിൽ വച്ചു റവ. ഫാദർ തോമസ് കണ്ടത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽകൊണ്ടാടി. ലീഡർ ശ്രീ ഇ. പി. ആൻറണി, ശ്രീ പി. ററി. അന്തപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു.

**വേനപ്പാറ:** സ്ഥലവാസികളുടെയും സ്ഥലം പള്ളി വികാരി റവ. ഫാദർ അന്തോനീസ് ടി. ഒ. സി. ഡി. അവർകളുടെയും പരിശ്രമഫലമായി സാധുകർഷകരായ ഈ സ്ഥലവാസികൾക്കു് കുറഞ്ഞപലിശയ്ക്കു പണം കടം ലഭിക്കത്തക്കവണ്ണം മലബാർഡിസ്ട്രിക്ട് കോ ഓപ്പറേറീവ് സൊസൈററിയുടെ ഒരു ശാഖ 11-5-55 മുതൽ വേനപ്പാറ വിവിധോദ്ദേശ ഐക്യനാണയസംഘം എന്ന പേരിൽ തുറന്നു ഊർജ്ജിതമായി പ്രവർത്തനം തുടങ്ങിയിരിക്കുന്നു.

**പള്ളുരുത്തി:** സ്ഥലം സുറിയാനിപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ വാർഷികാഘോഷവും, ജാതീയദിനാഘോഷവും പ്രമാണിച്ചു ജൂലൈ 3-ാംനു ഞായറാഴ്ച വൈകുന്നേരം നാലുമണിക്കു് സെൻറു് തോമസ് സ്കൂൾഹാളിൽവച്ചുതേവരകോളേജ് പ്രൊഫസർറവ.ഫാദർ വിക്ടോറിയൻ ടി. ഒ. സി. ഡി. എം. എ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു സംയുക്തസമ്മേളനം നടത്തി. യോഗത്തിൽ പ്രൊഫസർ ടി. സി. മാത്യു എം. എസ്സ്‌സി. പ്രസംഗിച്ചു. മീററിംഗിനുശേഷം സൊഡാലിററിഅംഗങ്ങൾ "ഷന്താൾ" എന്ന പ്രഹസനം അഭിനയിച്ചു.

—o—

# ഒരു യാക്കോബായ സഹോദരൻെറ സംശയങ്ങൾ

[ഒരു കത്തോലിക്കൻ]

(തുടർച്ച)

2. പ്രധാനാചാര്യനെന്ന നിലയിൽ വിശുദ്ധ പത്രോസിൻെറ ഔദ്യോഗിക പിൻഗാമി റോമ്മയിലോ അന്ത്യോക്യായിലോ?

ഈ ചോദ്യത്തിനുത്തരം പറയുന്നതിനുമുൻപിൽ മുഖവുരയായി അല്പം പറയേണ്ടതുണ്ടു്. വിശുദ്ധ പത്രോസിൻെറ യഥാർത്ഥത്തിലുള്ള പേരു് യോനായുടെ പുത്രനായ ശെമഊൻ എന്നായിരുന്നു. പാറ എന്നർത്ഥമുള്ള പത്രോസ് അഥവാ കേഫാ എന്ന പേരു് യേശുതമ്പുരാൻ ശെമഊനു് കൊടുത്ത ദ്വിതീയനാമമാണു്. തൻെറ സഭയുടെ അടിസ്ഥാനശിലആ അപ്പസ്തോലപ്രമുഖആയിരിക്കണമെന്നുള്ള മിശിഹായുടെ അഭിലാഷമാണു് ഇതിനു കാരണം. തൻെറ പുനരുത്ഥാനശേഷം പത്രോസിനെ "യോനായുടെ പുത്രനായ ശെമഊനേ" എന്നു പേരു ചൊല്ലിവിളിച്ചുകൊണ്ടു്, തൻെറ അജസമൂഹത്തെ മുഴുവൻ പാലിക്കുവാനുള്ള അധികാരം അദ്ദേഹത്തിനു നൽകി. ഇതുമൂലംപത്രോസിനു് ക്രിസ്തുവിൻെറ സഭ ഒക്കയിന്മേലും പ്രധാനാചാര്യത്വം ലഭിച്ചു. അതു് അദ്ദേഹത്തിനു വ്യക്തിപരമായി ലഭിച്ച ഒരധികാരമാണു്; എല്ലാ അപ്പസ്തോലന്മാർക്കും ലഭിച്ചിട്ടുള്ളതല്ല. സഭ ലോകാവസാനം വരെ നിലനില്ക്കുവാനുള്ളതുകൊണ്ടു ആ അധികാരം പത്രോസിൻെറ ഔദ്യോഗികപിൻഗാമികൾക്കും ലഭിച്ചു. ഈ സംഭവങ്ങളെല്ലാം യാക്കോബായസഭ അംഗീകരിക്കുന്ന പുരാതനഗ്രന്ഥങ്ങളിൽ അവിതർക്കിതമായി കൊടുത്തിട്ടുണ്ടു്. ഒന്നു രണ്ടു ഉദാഹരണങ്ങൾ മാത്രം ഇവിടെ ഉദ്ധരിക്കാം. യാക്കോബായ മേല്പട്ടസ്ഥാനാഭിഷേകക്രമത്തിൽ ഒരു ഭാഗത്തു് ഇങ്ങനെ പറഞ്ഞിരിക്കുന്നു:-"യോനായുടെ പുത്രനായ ശെമഊൻ ഉയരത്തിൻെറയും ആഴത്തിൻെറയും താക്കോലുകളെ കൈക്കൊണ്ടപ്പോൾ ഇടയന്മാരുടെ തലവൻ അവനോടരുൾ ചെയ്തു:- ശെമഊനേ നീ എന്തു ചെയ്യുന്നു എന്നു കരുതിക്കൊള്ളണം. ആട്ടിൻകൂട്ടം നിനക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. എൻെറ കുഞ്ഞാടുകളേയും പെണ്ണാടുകളേയും എനിക്കായി നീ മേയിച്ചുകൊള്ളുക. മുഖപക്ഷം നോക്കാത്തതായ ദൈവസിംഹാസനത്തിങ്കൽ നീ എനിക്കു കണക്കു ബോധിപ്പിക്കേണ്ടിവരും." വീണ്ടും പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ നമസ്കാരത്തിലുള്ള വേറൊരു ഭാഗം ഈ ആശയത്തെ കുറെക്കൂടി വിശദമാക്കി പറയുന്നതു കേട്ടാലും: "ശ്ലീഹന്മാരുടെ തലവനായ ശെമഊനു വലിയ ഭാഗ്യം. അവനെ നമ്മുടെ രക്ഷകൻ സഭയുടെ അടിസ്ഥാനമാക്കി സ്ഥാപിച്ചു, എൻെറ കുഞ്ഞാടുകളേയും എൻെറ പെണ്ണാടുകളേയും മേയിക്ക എന്നു് അവനോടു പറയുകയും ചെയ്തു." ഈ വാക്യങ്ങൾ ഇവിടെ ഉദ്ധരിച്ചതു് പത്രോസിൻെറ അധികാരം സകല സഭാംഗങ്ങളുടെ മേലും ഉണ്ടെന്നുള്ള വസ്തുത പ്രത്യേകം അനുസ്മരിപ്പിക്കുന്നതിനാണു്. ആസത്യത്തെ, തത്വത്തിലും പ്രയോഗത്തിലും അനുസരിക്കുവാനുള്ള കടമ സകല ക്രിസ്ത്യാനികൾക്കുമുള്ളതുമാണു്.

പത്രോസ് ജറുസലേമിൽ ആയിരുന്നപ്പോൾ അദ്ദേഹം ഈ പ്രധാനാചാര്യത്വം പ്രയോഗിക്കുകയും ഇതരശ്ലീഹന്മാർ അതിനെ അനുസരിക്കുകയും ചെയ്തു എന്നതു് പന്തക്കുസ്താദിനത്തിലെ സംഭവങ്ങളിൽനിന്നും നമുക്കു മനസ്സിലാക്കാം. പിന്നീടു് കാരാഗൃഹത്തിൽനിന്നു മോചനം കിട്ടിയശേഷം പത്രോസ് അന്ത്യോഖ്യായിലേക്കു പോകുകയും അവിടെ തൻെറ പ്രഥമസിംഹാസനം സ്ഥാപിക്കുകയും ചെയ്തു. അവിടെ ഏതാനും വർഷം താമസിച്ചു സഭാഭരണം നടത്തിയശേഷം അദ്ദേഹം റോമ്മായിലേക്കു പോയി. അവിടെ തൻെറ സിംഹാസനം സ്ഥാപിച്ചു ഭരണം നടത്തിക്കൊണ്ടിരിക്കവേ, നീറോ ചക്രവർത്തിയുടെ കാലത്തു് എ.ഡി.64-നും65-നുംഇടയ്ക്കുരക്തസാക്ഷിയായി മരിച്ചു. പത്രോസ് റോമ്മയിൽ വസിച്ചിരുന്ന അവസരത്തിൽ അന്ത്യോഖ്യാസിംഹാസനത്തിൽ മെത്രാനായി ഭരണം നടത്തിയിരുന്നതു് വിശുദ്ധനായഇഗ്നാത്തിയോസ് സഹദാ ആയിരുന്നു. വിശുദ്ധ മർക്കോസിൻെറ സുവിശേഷം 9ാം അദ്ധ്യായത്തിൽ മിശിഹാ തൻെറ കൈയിൽ എടുത്തതായി വിവരിച്ചിട്ടുള്ള ശിശു ഈ ഇഗ്നാത്തിയോസാണെന്നു പറയപ്പെടുന്നു. അദ്ദേഹത്തെ വിശുദ്ധ പത്രോസു് തന്നെ തൻെറ അനുഗാമിയായി അന്ത്യോഖ്യാ സിംഹാസനത്തിൽ അവരോധിച്ചിട്ടുള്ളതും, അന്നുമുതൽ അദ്ദേഹം റോമ്മയിലുള്ള പത്രോസിൻെറ സിംഹാസനത്തിൻെറ അദ്ധ്യക്ഷപദവിയെ അംഗീകരിച്ചിട്ടുള്ളതുമാണു്. ഇഗ്നാത്തിയോസിൻെറ ഭരണം എ.ഡി. 50-നും 107 നും ഇടയ്ക്കായിരുന്നു. പത്രോസ് റോമ്മിൽവച്ചു രക്തസാക്ഷിയായി മരണം കൈവരിച്ചപ്പോൾ അദ്ദേഹത്തിൻെറ ഔദ്യോഗികപിൻഗാമികളായി വേറെ മേല്പട്ടക്കാർ നിയമിതരാകുകയും, അങ്ങനെ പത്രോസിൻെറ പ്രധാനാചാര്യത്വവും അതിൽനിന്നും ഉത്ഭവിക്കുന്ന പരമാധികാരവും റോമ്മാസിംഹാസനത്തിനു ലഭിക്കുകയും ചെയ്തു. പത്രോസിൻെറ പിൻഗാമിയായി റോമ്മിൽ വാണതു ലീനസ് ആണു്. ലീനസിൻെറ ഭരണകാലം സുമാർ എ.ഡി. 64-നും 76-നും ഇടയ്ക്കാണു്. (ആക്കാലത്തെ തീയതികൾ വളരെ ക്ലിപ്തമല്ല. ഈ സംഭവങ്ങളെല്ലാം നടന്നിട്ടുള്ളതു് റോമ്മാചക്രവർത്തികൾ ക്രിസ്തുമതം സ്വീകരിക്കുന്നതിനു വളരെ മുൻപാണു്. പോരാ, അവർ ക്രിസ്ത്യാനികളെയും പത്രോസിൻെറ പിൻഗാമികളെയും കഠിനമായി ദ്രോഹിക്കുകയും പീഡിപ്പിക്കുകയുംചെയ്തിരുന്നകാലത്താണു്.

അതിനു സാക്ഷി യാക്കോബായക്കാർ തങ്ങളുടെ ദ്വിതീയ പാത്രിയർക്കീസായി കരുതുന്നവനുംദൈവത്തെ ധരിച്ചവൻ (Theophorous) എന്ന പേരിൽ അറിയപ്പെടുന്നവനും ആയ അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസു സഹദാ തന്നെ ആണു്. ക്രിസ്തുമതപീഡകനായിരുന്ന ട്രാജൻ എന്ന റോമ്മൻ ചക്രവർത്തി ഇദ്ദേഹത്തെബന്ധനസ്ഥനാക്കി, റോമ്മിലേക്കു കൊണ്ടുപോരുന്നതിനിടയിൽ അദ്ദേഹം അത്യന്തംവിജ്ഞാനപ്രദമായ ഏഴു ലേഖനങ്ങൾ വിവിധപ്രാദേശികസഭകളിലേക്കു് എഴുതി അയച്ചിട്ടുണ്ടു്. അവയിലൊന്നിൽ (അതായതു് റോമ്മയിലേക്കു് എഴുതിയ ലേഖനത്തിൽ) അദ്ദേഹം റോമ്മാസഭയെപ്പററി "The Roman Church is the head of the bond of love" എന്നു പ്രസ്താവിച്ചിരിക്കുന്നു. "റോമ്മയിലെ സഭ സ്നേഹത്തിൽ ബന്ധിക്കപ്പെട്ടിട്ടുള്ളവരുടെ തലയാണു്" എന്നു അതിനെ ഭാഷാന്തരം ചെയ്യാം. അന്ത്യോഖ്യാസിംഹാസനത്തിൽ, പത്രോസിനാൽ ആരോഹണം ചെയ്യിക്കപ്പെട്ട വിശുദ്ധനായ ഇഗ്നാത്തിയോസ് സഹദാ എ.ഡി. 107-ാംമാണ്ടിടയ്ക്കു് ഇങ്ങനെ പ്രസ്താവിച്ചിട്ടുള്ളതു് ഇപ്പോഴാർക്കും മറച്ചുവയ്ക്കാൻ സാദ്ധ്യതയില്ലാത്ത ഒരു വസ്തുതയാണു്.

റോമ്മാമാർപ്പാപ്പാമാരുടെഈ പരമാധികാരം—പത്രോസിൻെറ പിൻഗാമി എന്ന നിലയിലുള്ള ഈ പരമാധികാരം—അഞ്ചാംനൂററാണ്ടിൽ കൽക്കദന്യാ സൂനഹദോസിൽവച്ച് ലെയോപ്രഥമൻ എന്ന മാർപ്പാപ്പാ ഏകസ്വഭാവവാദത്തെ ശപിക്കുന്നതുവരെ അന്ത്യോഖ്യർ മുഴുവനും അഭംഗമായി ബഹുമാനിച്ചും ആദരിച്ചും വന്നതാണു്. എന്നാൽ ഏകസ്വഭാവവാദത്തിൻെറ ഒരു വകഭേദമായ യാക്കോബായ വിശ്വാസികൾക്കു് മാർപ്പാപ്പായുടെ നിലപാടു മനസ്സിലാക്കുവാൻ സാധിച്ചില്ല. അതിനാൽ അവർ തിരിഞ്ഞു് ലെയോപ്രഥമൻ എന്ന റോമ്മാമാർപ്പാപ്പായെ ശപിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ഏകസ്വഭാവവാദികളുടെ നേതാവായ ദിയസ്‌സ്കോറസ് പറയുന്ന ശാപവാക്യങ്ങൾപോലും റോമ്മാമേല്പട്ടക്കാരൻെറ പരമാധികാരത്തെ ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്യുന്നുണ്ടു്. അതിപ്രകാരമാണു്: "സാത്താനും മാലാഖാമാരിൽ ഏററവും വലിയവനായിരുന്നു. എന്നാൽ അവൻ ദൈവത്തോടു മത്സരിച്ച ക്ഷണത്തിൽ അധഃപതിച്ചു പിശാചായിത്തീർന്നു. ലെഓൻെറ കാര്യത്തിലും അപ്രകാരം തന്നെ. അവൻ സത്യവിശ്വാസം അനുസരിക്കുകയും, അവൻ അതിനു വിധേയനാണെന്നു കാണിക്കുകയും ചെയ്താൽ സംശയമെന്യേ അവൻ ഏററവും വലിയവനും ഏററവും ഉന്നതനും ഏററവും വിശേഷമുള്ളവനും ആയിത്തീരും." പക്ഷേ ഒരു കാര്യം മനസ്സിലാക്കണം. ഒരു പരമാധികാരിയെ എതിർക്കുക തന്നെയല്ല, ശപിക്കുകയുംകൂടി ചെയ്യുന്നതു് വൻപിച്ച ദൈവദ്രോഹമാണു്. യാക്കോബായസഭയ്ക്കു യുഗയുഗാന്തരങ്ങളായി വന്നുകൂടിയിട്ടുള്ള അനന്തനിർഭാഗ്യങ്ങൾക്കെല്ലാം കാരണം ഈ അധികാരനിഷേധത്തിൻെറ ദുഷ്ഫലങ്ങളാണു്.

എന്നാൽ ചിലർ പ്രതിവചിക്കാവുന്ന ഒരു കാര്യം നാം ഇവിടെ വിട്ടുപോയിട്ടുണ്ടു്. അതായതു്, പത്രോസു് ശ്ലീഹാ റോമ്മയിൽ പോയി അവിടെ തൻെറ സിംഹാസനം സ്ഥാപിച്ചു എന്നു് എങ്ങനെ വിശ്വസിക്കാമെന്നു തന്നെ. ഇക്കാര്യം സംബന്ധിച്ച് യുക്തിവാദികളായ ചില മുട്ടാപ്പോക്കു ചരിത്രകാരന്മാർ എന്തുതന്നെ പറഞ്ഞിരുന്നാലും, യാക്കോബായസഭയിലെ ആരാധനക്രമത്തിൽ, അതിനു മതിയായ തെളിവുകളുണ്ടു്. നമ്മുടെ കാര്യത്തിൽ തല്ക്കാലം അതുമതിയാകുമല്ലോ.

"വിശുന്നവനായ ശെമഊനെ മിശിഹാ വീശി എടുത്തു. മീനിനുപകരം മനുഷ്യരെ ജീവങ്കലേക്കു് വീശിയെടുക്കുവാൻ തന്നെ. അദ്ദേഹം തൻെറ വല റോമ്മായിൽ വിരിച്ചു അതിൻെറ (റോമ്മായുടെ) ക്രൂരത നീക്കി അതിൻെറ സിംഹപ്രകൃതിയെ കുഞ്ഞാടുപോലെ ആക്കി അതിനെ തിരുസഭയിൽ പ്രവേശിപ്പിച്ചു" എന്നിങ്ങനെ യാക്കോബായരുടെ പെങ്കീസാപ്രാർത്ഥനയിൽ കാണുന്നു.

"ശെമഊൻ റോമ്മായിലേക്കയക്കപ്പെട്ടു. യൂഹാനോൻ എഫേസൂസിലേക്കും. തോമ്മാ ഇൻഡ്യയിലേക്കും" ഇതു പൊന്തിക്കോസ്തിയുടെ ലെലിയോ രണ്ടാം കൗമ്മായിൽനിന്നു ഉദ്ധരിച്ചിട്ടുള്ളതാണു്.

### ഉപസംഹാരം

മേൽവിവരിച്ച സംഗതികളിൽനിന്നു താഴെ വിവരിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം ഗ്രഹിക്കാം.

1. വിശുദ്ധ പത്രോസ് ശ്ലീഹന്മാരുടെ തലവനാണു്.
2. ആ സംഗതി അന്ത്യോഖ്യാസഭ പുരാതനകാലംതൊട്ടു വിശ്വസിക്കുന്നതാണു്.
3. പത്രോസു് സ്ഥാപിച്ച പ്രഥമസിംഹാസനം അന്ത്യോഖ്യയിലായിരുന്നെങ്കിലും അദ്ദേഹം മരിക്കുന്നതിനു മുമ്പിൽ റോമ്മയിൽ പോയി അവിടെ തൻെറ പരമാധികാരം സ്ഥാപിക്കയുണ്ടായി.
4. ആ പരമാധികാരത്തിൽ അന്ത്യോഖ്യാസിംഹാസനസ്ഥർ ആദ്യംമുതൽ വിശ്വസിച്ചിരുന്നതാണു്.
5. ഈ അധികാരത്തെ യാക്കോബായക്കാരടക്കമുള്ള ഏകസ്വഭാവവാദികൾ ധിക്കരിച്ചു തുടങ്ങിയതു് 451ലെ കൽക്കദൂനിയാ സൂനഹദോസിനു ശേഷമാണു്. ആ അധികാരധിക്കാരം ഒരു ഭയങ്കര പാപവുമാണു്.

അന്നുമുതൽ തുടങ്ങിയ അധികാരധിക്കാരത്തിൻെറ ഫലമായിട്ടാണു് യാക്കോബായപാത്രിയർക്കീസിനെ അദ്ദേഹത്തിൻെറ കീഴിലുള്ളമപ്രിയാനാമാരും കാതോലിക്കോസുമാരും യുഗയുഗാന്തരങ്ങളായി ധിക്കരിച്ചുവരുന്നതു്. "നെല്ലു കൊടുത്താൽ നെല്ലും പലിശയും; തല്ലു കൊടുത്താൽ തല്ലും പലിശയും" എന്നുണ്ടല്ലോ.


**THE SOUTH INDIAN BANK LTD.**

H. O. TRICHUR. Estd. 1929.

*A SCHEDULED BANK*

| | |
|---|---|
| Authorised Capital | Rs. 50,00,000 |
| Subscribed " | Rs. 25,00,000 |
| Paid up " | Rs. 8,75,000 |
| Reserve & Other Funds | Rs. 5,65,408 |
| Deposits as on 31-12-'54 | Rs. 204,87,883 |

Government Securities bought and sold on terms which can be ascertained on application.

BRANCHES:-

ALLEPPEY, IRINJALAKUDA, PALGHAT, ALWAYE, KOLLENGODE, POLLACHI, COCHIN, KOZHIKODE, PONANI, COIMBATORE, KUNNAMKULAM, SALEM, ERNAKULAM, MADRAS, TIRUPPUR, GOBICHETTI-PALAYAM, OTTAPALAM, TRICHUR, WADAKKANCHERI

വിമർശനവീഥി

# കമ്മ്യൂണിസവും സദാചാരവും

(ജെ. കഞ്ഞാംപ്പറമ്പിൽ എസ്. ജെ.)

ദൈവത്തേയുംആത്മാവിനെയും നിഷേധിക്കുന്നതോടുകൂടി കമ്മ്യൂണിസം ശാശ്വതമായ എല്ലാ സന്മാർഗ്ഗനിയമങ്ങളേയുമുപേക്ഷിക്കുന്നു. സന്മാർഗ്ഗനിയമങ്ങൾ ശാശ്വതമല്ലെന്നും അവ കാലവും ദേശവുമനുസരിച്ച് മാറി മാറിക്കൊണ്ടിരിക്കുമെന്നും കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രം പഠിപ്പിക്കുന്നു. ഇന്നു നിലവിലിരിക്കുന്ന സന്മാർഗ്ഗനിയമങ്ങൾ മുതലാളിമാർ തങ്ങളുടെ ധനവും സുഖവും വർദ്ധിപ്പിക്കുന്നതിനു് കെട്ടിപ്പടുത്തതാണെന്നും, അവ ഉപയോഗിച്ച് അവർ തൊഴിലാളികളെ പല വിധത്തിൽ വഞ്ചിക്കുന്നുവെന്നും കമ്മ്യൂണിസ്റ്റ്കാർ അഭിപ്രായപ്പെടുന്നു. അതിനാൽ സ്വാർത്ഥതല്പരരായ മുതലാളിമാർ സൃഷ്ടിച്ച ഈ നിയമങ്ങൾ നശിപ്പിച്ച് തൽസ്ഥാനത്തു് തൊഴിലാളിവർഗ്ഗത്തിന്റെ ഒരു പുതിയ സന്മാർഗ്ഗനിയമസംഹിത നടപ്പിൽ കൊണ്ടുവരുവാൻ കമ്മ്യൂണിസ്റ്റ്കാർ പരിശ്രമിക്കുന്നു.

ഈ പുതിയ സന്മാർഗ്ഗനിയമപ്രകാരം കമ്മ്യൂണിസ്റ്റ് കക്ഷിയെ സഹായിച്ച് പ്രബലപ്പെടുത്തുന്ന എല്ലാ പ്രവൃത്തികളും സാന്മാർഗ്ഗികമായിരിക്കും. കമ്മ്യൂണിസ്റ്റ്കാർക്ക് രണ്ടുവിധത്തിൽ മാത്രമേ പാപം ചെയ്യുവാൻ സാധിക്കൂ. കക്ഷിക്കെതിരായി പ്രവർത്തിക്കുക, കക്ഷിത്തലവന്റെ ആജ്ഞയെ അവഗണിക്കുക. ലനിൻ കമ്മ്യൂണിസ്റ്റ്കാരുടെ സന്മാർഗ്ഗനിയമങ്ങളെക്കുറിച്ച് ഇപ്രകാരം പറയുന്നു: "കമ്മ്യൂണിസത്തിനുവേണ്ടി എന്തും സഹിക്കുവാൻ നാം സന്നദ്ധരായിരിക്കണം. കമ്മ്യൂണിസ്റ്റ് കക്ഷിയെ സഹായിക്കുന്ന എല്ലാവിധ മാർഗ്ഗങ്ങളും—അതെ വഞ്ചന, കപടനയങ്ങൾ, അന്യായപ്രവൃത്തികൾ, സത്യത്തെ മറയ്ക്കൽ, നിഷേധിക്കൽ എന്നീ വകഎല്ലാ മാർഗ്ഗങ്ങളും—സ്വീകരിക്കുവാൻ നാം ദൃഢചിത്തരായിരിക്കണം." ലനിന്റെ ഈ വാക്കുകളിൽനിന്നും കമ്മ്യൂണിസത്തിന്റെ തനിനിറംമനസ്സിലാക്കാം. അതിനാൽ കമ്മ്യൂണിസം പൈശാചികമായ ഒരു പ്രസ്ഥാനമാണെന്നുള്ളതിനു് യാതൊരു തർക്കവുമില്ല. വഞ്ചന, വ്യാജം, കൊള്ള, കൊല ഇവയെല്ലാം കമ്മ്യൂണിസ്റ്റ്കാർക്ക് സാന്മാർഗ്ഗികമായി മാറുന്നു. അവർ ചെന്നിടമെല്ലാം ഈവക ദുഷ്കൃത്യങ്ങൾ കൊണ്ടു് മലിനപ്പെടുത്തിയിട്ടുണ്ടു്. പല കമ്മ്യൂണിസ്റ്റ്നേതാക്കന്മാരുമായി വളരെ അടുത്തു പെരുമാറിയിരുന്ന മി. ഡഗ്ലസ് ഹൈഡ് പറയുന്നതു് അദ്ദേഹം ഉത്തമ കമ്മ്യൂണിസ്റ്റ്കാരെന്നു വിചാരിച്ചിരുന്നവർ ഏററവും വഷളായ ജീവിതം നയിച്ചിരുന്നു എന്നാണു്.

കമ്മ്യൂണിസ്റ്റ്കാർ തങ്ങളുടെ കാര്യസാദ്ധ്യത്തിനുവേണ്ടി കരുതിക്കൂട്ടി എത്ര കള്ളം പറയുവാനും സന്നദ്ധരാണു്. അവർ ദൈവമില്ലെന്നും, ആത്മാവില്ലെന്നും, ശാശ്വതമായ സന്മാർഗ്ഗനിയമങ്ങളില്ലെന്നും പറയുന്നതു വെറും വ്യാജമാണു്. നുണ പറയുന്ന ഒരാളെ നാം ഒരിക്കലും വിശ്വസിക്കുകയില്ല. അതിനാൽ കരുതിക്കൂട്ടി നുണപറയുന്ന കമ്മ്യൂണിസ്റ്റ്കാരെ നാം ഒരിക്കലും വിശ്വസിക്കരുതു്. ചെമ്മരിയാടിന്റെ വേഷമണിഞ്ഞിട്ടുള്ള ചെന്നായ്ക്കളാണിവർ. ഇവരെ വിശ്വസിച്ച് ഇവരാവശ്യപ്പെടുന്നതു ചെയ്താൽ അതു നമ്മുടെ നാശത്തിനു കാരണമായിത്തീരും. മുമ്പു അമേരിക്കയിലെ ഒരു കമ്മ്യൂണിസ്റ്റ്നേതാവായിരുന്ന മി. ബുഡൻസ് കമ്മ്യൂണിസത്തെക്കുറിച്ച് ഇപ്രകാരമെഴുതുന്നു: "സന്മാർഗ്ഗനിയമങ്ങളുടെ നിഷേധത്തിൽ അടിയുറച്ച കമ്മ്യൂണിസം സാമുദായികാസ്വാസ്ഥ്യതകൾക്ക് ഉടൻ നിവാരണമുണ്ടാക്കാമെന്നു പറയുന്നുണ്ടെങ്കിലും വാസ്തവത്തിൽ അതു് ഈ അസ്വാസ്ഥ്യതകളെ വർദ്ധമാനമാക്കുകയാണു് ചെയ്യുന്നതു്. വഞ്ചന സന്മാർഗ്ഗനിയമങ്ങളുടെ അടിസ്ഥാനവും, അടിമത്തം സ്വാതന്ത്ര്യത്തിന്റെ പരമകോടിയുമായി പ്രഖ്യാപിക്കുന്ന കമ്മ്യൂണിസത്തിൽനിന്നു ഇതല്ലാതെ മറെറാന്നും പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല."

സന്മാർഗ്ഗനിയമങ്ങൾ മനുഷ്യസ്വഭാവത്തിൽനിന്നു വന്നിരിക്കുന്നതിനാൽ, മനുഷ്യൻ ആത്മാവും ശരീരവുമുള്ളവനായിരിക്കുന്നിടത്തോളം കാലം, ഈ നിയമങ്ങൾക്കു് യാതൊരു മാററവും സംഭവിക്കുകയില്ല. ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ, ജീവിതലക്ഷ്യം പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നമുക്കു തന്നിട്ടുണ്ടു്. നമ്മുടെ ജീവിതോദ്ദേശം ദൈവത്തെ അറിഞ്ഞു് സ്നേഹിച്ച് നിത്യഭാഗ്യം അടയുകയെന്നതാകുന്നു. ഈ ലക്ഷ്യം പ്രാപിക്കണമെങ്കിൽ ദൈവം നമുക്കു തന്നിട്ടുള്ള നിയമങ്ങളനുസരിച്ച് നാം ജീവിക്കണം. നമ്മുടെ സ്വഭാവത്തിൽ തന്നെ ഉൾപ്പെട്ടിരിക്കുന്ന ഈ നിയമങ്ങളാണു് സന്മാർഗ്ഗനിയമങ്ങൾ. നമുക്കു് സ്വതന്ത്രമായ ഒരു മനസ്സ് ദൈവം തന്നിട്ടുള്ളതുകൊണ്ടു് കമ്മ്യൂണിസ്റ്റ്കാർ ചെയ്യുന്നതുപോലെ ഈ നിയമങ്ങൾക്കു വിരുദ്ധമായി ജീവിച്ച് ദൈവകോപത്തിനു പാത്രമായി നിത്യശിക്ഷ അനുഭവിക്കുവാനും സാധിക്കും. അതിനാൽ നമ്മുടെ സ്വാതന്ത്ര്യത്തെ ദുഷ്പ്രയോഗിക്കാതെ ദൈവനിയമങ്ങളനുസരിച്ച് ജീവിക്കുവാൻ കടപ്പെട്ടവരാണു് നാം.

പത്തു കല്പനകൾ ഈ നിയമങ്ങളുടെ ഒരു സംക്ഷേപമാണു്. മനുഷ്യൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു സാമുദായികജീവി ആയതിനാൽ,അവൻ ദൈവത്തോടും തന്നോടുതന്നേയും, അയൽവാസിയോടും ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധങ്ങൾ ശരിയായി പാലിച്ചുകൊണ്ടു വരുന്നതിനുള്ള ഉത്തമമാർഗ്ഗം സന്മാർഗ്ഗനിയമങ്ങളനുസരിച്ച് ജീവിക്കുകയാണു്. നമ്മെ ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചു കാത്തു പരിപാലിച്ചുവരുന്ന ദൈവത്തെ സ്തുതിച്ചാരാധിക്കുന്നതാണു് നമ്മുടെ പ്രധാന കർത്തവ്യം. സ്നേഹസ്വരൂപനായ ഈ ദൈവത്തിനു് വിരുദ്ധമായി നാം പാപം ചെയ്തിട്ടുണ്ടെങ്കിൽ അവയെക്കുറിച്ച് മനംതപിച്ച് ക്ഷമയാചിച്ച് നമ്മെനിത്യശിക്ഷയ്ക്കു വിധിക്കാതിരിപ്പാൻ പ്രാർത്ഥിക്കണം. നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും അദ്ദേഹത്തിന്റെ കൈയിലാണിരിക്കുന്നതു്. അദ്ദേഹം നമുക്കു തന്നിട്ടുള്ള അനുഗ്രഹങ്ങൾക്കു് യാതൊരു കണക്കുമില്ല. ഇവയെല്ലാമോർത്തു നാം എപ്പോഴും ദൈവസ്നേഹത്തിൽ വളർന്നു് അദ്ദേഹത്തോടു നന്ദിയുള്ളവരായിരിക്കണം. നമ്മുടെ സ്രഷ്ടാവു് ദൈവമാകയാൽ ആത്മഹത്യ ചെയ്യാനോ നമ്മുടെ അവയവങ്ങളെ അന്യായമായി വെട്ടി നശിപ്പിക്കാനോ നമുക്കധികാരമില്ല. നമുക്കു നമ്മുടെ അയൽവാസിയോടുള്ള ബന്ധം അവരോടുള്ള കടപ്പാടും ചേർച്ചയുമനുസരിച്ചിരിക്കും. ഇപ്രകാരം മാതാപിതാക്കന്മാരും കുട്ടികളുമായുള്ള ബന്ധം അതിപ്രധാനമാണു്. മാതാപിതാക്കന്മാർ കുട്ടികളുടെ ആത്മാവിനും ശരീരത്തിനുമുതകുന്ന എല്ലാ ആവശ്യങ്ങളും കഴിവനുസരിച്ച് നിറവേററിക്കൊടുക്കണം. കുട്ടികൾക്കു് ഉത്തമവിദ്യാഭ്യാസം കൊടുത്തു് അവരെ നല്ലവരായി വളർത്തണം. കുട്ടികളാകട്ടെ മാതാപിതാക്കന്മാരോടു് അനുസരണയുള്ളവരായി അവരോടു് ബഹുമാനത്തോടും ഭക്തിയോടുംകൂടി പെരുമാറി അവർക്കു വേണ്ട സഹായങ്ങൾ പ്രത്യേകിച്ച്, സുഖക്കേടുകളിലും വാർദ്ധക്യദശയിലും ചെയ്തുകൊടുക്കാൻ കടപ്പെട്ടവരാണു്. നമ്മുടെ അയൽവാസിക്കു് യാതൊരുപദ്രവവും ചെയ്യരുതു്. അവരെ നമ്മുടെ സഹോദരന്മാരെപ്പോലെ നാം സ്നേഹിക്കണം. അവരുടെ വസ്തുവിനോ ബഹുമാനത്തിനോ ഹാനികരമായ യാതൊരു പ്രവൃത്തിയും ചെയ്യുകയോ മററുള്ളവരെക്കൊണ്ടു് ചെയ്യിക്കുകയോ അരുതു്. ഈ വക സത്യങ്ങളെല്ലാം സാമാന്യം വിദ്യാഭ്യാസമുള്ള എല്ലാവർക്കും സുപരിചിതങ്ങളാകയാൽ ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല.

സന്മാർഗ്ഗനിയമങ്ങൾ കണ്ടു ജീവിക്കുന്നതിനുള്ള പ്രധാന വഴി നമ്മുടെ മനസ്സാക്ഷിയാണു്. പുരാതനകാലങ്ങളിലെ മനുഷ്യർക്കും ഇന്നു കേവലം അപരിഷ്കൃതരായി ജീവിക്കുന്ന കിരാതജനങ്ങൾക്കും സന്മാർഗ്ഗനിയമങ്ങൾ അറിയുന്നതിനുള്ള മാർഗ്ഗം മനസ്സാക്ഷിയും ബുദ്ധിശക്തിയുമാണു്. നന്മതിന്മ തിരിച്ചറിവാൻ പ്രായമായ ഒരു കുട്ടി ഒരു പ്രവൃത്തി നല്ലതു് അതിനാൽ അതു ചെയ്യണമെന്നും, മറെറാരു പ്രവൃത്തി "ഹീനം" അതിനാൽ അതു വർജ്ജിക്കണമെന്നും മനസ്സാക്ഷിയുടേയും ബുദ്ധിശക്തിയുടേയും സഹായത്താൽ പഠിക്കുന്നു. ഇപ്രകാരം ആദ്യം മനുഷ്യൻ പഠിക്കുന്നതു് നന്മ ചെയ്യണമെന്നും തിന്മ വർജ്ജിക്കണമെന്നുമാണു്. പിന്നീടു മനുഷ്യൻ വളർന്നുവരുന്നതോടുകൂടി ഈ നിയമങ്ങളെക്കുറിച്ചുള്ള വിശദമായ ജ്ഞാനം സമ്പാദിക്കുന്നു.

അതിപുരാതനകാലംമുതൽ മനുഷ്യർ സന്മാർഗ്ഗനിയമങ്ങളനുസരിച്ച് ജീവിച്ചുവന്നിരുന്നു. ലോകത്തിൽ ആദ്യമുണ്ടായിരുന്ന മനുഷ്യന്റെ സന്മാർഗ്ഗനിയമങ്ങളും ഇന്നു മനുഷ്യനുള്ള സന്മാർഗ്ഗനിയമങ്ങളും തമ്മിൽ സാരമായ യാതൊരു വ്യത്യാസവുമില്ല. വ്യാജം, വ്യഭിചാരം, കളവു്, കൊല മുതലായവ അന്നും ഇന്നും അസാന്മാർഗ്ഗികമായി സ്ഥിതിചെയ്യുന്നു. ഉദാഹരണമായി ക്രിസ്ത്വബ്ദത്തിനു് 2600 വർഷം മുമ്പു് ജീവിച്ചിരുന്ന ഈജിപ്തുകാരും, പുരാതന ഭാരതീയരും ഗ്രീക്കുകാരും റോമാക്കാരും ഈ നിയമങ്ങളനുസരിച്ച ജീവിച്ചിരുന്നു. ഈ നിയമങ്ങൾക്കു വിരുദ്ധമായി ചെയ്ത പ്രവൃത്തികൾക്കു് പ്രാർത്ഥനയും തപസ്സും മററു യാഗക്രിയകളും മൂലം അവർ പരിഹാരമനുഷ്ഠിച്ചിരുന്നു. മനുഷ്യസ്വഭാവത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഈ നിയമത്തെക്കുറിച്ച സിസറോ ഇപ്രകാരം പറയുന്നു: "ഈ നിയമം ആത്തൻസിലും റോമിലും, ഇന്നും നാളെയും, എപ്പോഴും എല്ലായിടത്തും ഒരേവിധമാണു്. ദൈവദത്തമായ ഈ നിയമം മററു യാതൊരു നിയമങ്ങൾക്കും കീഴ്പ്പെടാതെഎല്ലാവരേയും ഭരിക്കുന്നു. ഇതിനെ നിരസിക്കുന്നവൻ സ്വന്തം പ്രകൃതിയെത്തന്നെ നിരസിക്കുകയും അതോടുകൂടി നിത്യശിക്ഷയ്ക്കു വിധേയനാവുകയും ചെയ്യുന്നു."


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം


എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച ചികിത്സ നിശ്ചയിക്കുന്നതുമാണു്.



For favours received



Mrs. Mary Sebastian
Trichur


## വിനോദവീഥി



"പത്തുദിവസത്തേക്കുംകൂടെ വേണ്ടടത്തോളം കള്ളും ചാരായോം കുടിച്ചോളാൻ ഡാക്കുറേമാൻ പറഞ്ഞെടി; മരുന്നിനിവേണ്ടെന്നു്."


X X X

മദ്യനിരോധനപ്രസ്ഥാനത്തിന്റെ പ്രചാരകൻ പ്രസംഗിക്കുകയാണു്:—"മാന്യരേ, ഇന്നു നിങ്ങളുടെ പണംമുഴുവനും ആരാണു് പിടുങ്ങുന്നതു്? ഇന്നു ഏററവും വലിയ പണക്കാരാകുന്നതു് ആരാണു്?—ഷാപ്പുകാരൻ! അയാൾക്കു പണവും സുഖവും സൗകര്യങ്ങളും ആരാണു്പ്രദാനംചെയ്യുന്നതു്?—മദ്യപാനം ചെയ്യുന്നവർ! അതുകൊണ്ടു നമ്മെ നശിപ്പിക്കുന്ന മദ്യപാനംനിർത്തുക."

പിറേറ ദിവസം ഒരു മാന്യൻ പ്രസംഗകനെ സന്ദർശിച്ചു. സന്തോഷത്തോടുകൂടി പ്രചാരകൻ അദ്ദേഹത്തെ അഭിവാദ്യംചെയ്തുകൊണ്ടു പറഞ്ഞു:-

"നിങ്ങൾ മദ്യപാനം നിറുത്തിയ വിവരം എന്നെ അറിയിക്കുവാൻ വന്നിരിക്കുകയാണെന്നു ഞാനൂഹിക്കുന്നു. വളരെ സന്തോഷം. നിങ്ങളെ ഞാനനുമോദിക്കുന്നു."

മാന്യൻ:-"ക്ഷമിക്കണം. ഞാൻ നിങ്ങളോടു കൃതജ്ഞത പറയാനാണു വന്നതു്. പക്ഷെ കുടി നിർത്തിയിട്ടില്ല. ഞാനൊരു ഷാപ്പു നടത്താൻ നിശ്ചയിച്ചു. അതിനുള്ള പ്രചോദനം നിങ്ങളുടെ പ്രസംഗം കൊണ്ടാണുണ്ടായതു്."




അദ്ധ്യായം 7 (തുടർച്ച)

## ദാവീദിൻ നക്ഷത്രം

(വി. സി. ജോർജ്ജ് ബി. എ. എൽ.ററി.)

പീലാത്തോസ് വീണ്ടും പാദസംക്രമണം തുടൎന്നു. കുറേനേരത്തേക്ക് ആരും സംസാരിച്ചില്ല. മുറിയിലെ വായു ഉഗ്രമായ ഗന്ധം നിറഞ്ഞു നിദ്രാജനകമായിത്തീൎന്നിരുന്നു. അരിമത്ത്യൻ ജോസഫിനാകട്ടെ പ്രൊക്കുറയിററിനു തോന്നാതിരുന്ന വിധം മുറിയിലെ ചൂട് ദുസ്സഹമായി അനുഭവപ്പെട്ടു. "ജോസഫേ, നിങ്ങൾ എന്തുകൊണ്ടു ഒരു സഹധൎമ്മിണിയെ സ്വീകരിച്ചില്ലാ" പീലാത്തോസ് അരിമത്ത്യന്റെ മുമ്പിൽ നിശ്ചലനായിനിന്നുകൊണ്ട് ആകസ്മികം ചോദിച്ചു.

ഇൗഷൽ സങ്കോചപൂൎവ്വം പൊട്ടിച്ചിരിക്കുകയായിരുന്നു അരിമത്ത്യന്റെ സമാധാനത്തിനു പ്രാരംഭം. തങ്ങളുടെ ധൎമ്മപത്നികളെ അന്തഃപുരങ്ങളിൽ അടച്ചുപൂട്ടി പൊതുജനദൎശനത്തിൽനിന്നു് അകററി നിറുത്തുന്ന രീതി ഇസ്രേല്യരുടെയിടയിൽ ഇല്ലായിരുന്നുവെങ്കിലും ഗാർഹികജീവിതക്രമം അവർ രഹസ്യമായി പരിരക്ഷിച്ചു പോന്നു. ആകയാൽ പ്രൊക്കുറയിററുടെ ചോദ്യം ഉപചാരരഹിതവും മൎയ്യാദഹീനവുമായി ജോസഫിനു തോന്നി.

"അവിടംവരെ എത്തിയില്ലെന്നേയൊള്ളൂ. അങ്ങു് അറിയുന്നതുപോലെ ഞാൻ ദീർഘകാലം വിദേശങ്ങളിലായിരുന്നല്ലൊ. ഇപ്പോൾ ഞങ്ങളുടെ ഈ രാജ്യത്തു് ആളുകൾ സാധാരണ വിവാഹം കഴിക്കാറുള്ള പ്രായം എനിക്കു കഴിയുകയും ചെയ്തു." പ്രൊക്കുറയിററുടെ ദൃഷ്ടിയിൽനിന്നു് മുഖം തിരിച്ചുകൊണ്ടു് ജോസഫ് പറഞ്ഞു. "വരണനിഷ്കൎഷ നിങ്ങൾക്കു് വളരെ അധികമാണെന്നു തോന്നുന്നു. നിങ്ങൾ ഏതായാലും ഒരു യവനകുമാരിയെ വിവാഹം ചെയ്യണം. നിങ്ങളുടെയൊക്കെ പ്രാദേശികമനഃസ്ഥിതി നശിക്കുവാൻ നിങ്ങൾ പാശ്ചാത്യവനിതകളെത്തന്നെ സ്വീകരിക്കേണ്ടതാവശ്യമാകുന്നു."

"പ്രൊക്കുറയിററർ, ന്യായപ്രമാണം അതനുവദിക്കുന്നില്ലാ."

പീലാത്തോസുസകോപം കൈയുയൎത്തി. "ന്യായപ്രമാണം, ന്യായപ്രമാണം! ന്യായപ്രമാണമല്ലാതെ മറെറാന്നും കേൾക്കുവാനില്ലാ! ഈ നസ്രായൻ ഈശോ നിങ്ങളുടെ ന്യായപ്രമാണത്തിനൊരറുതി വരുത്തുമെങ്കിൽ ഞാൻ അയാൾക്കു സ്വാഗതമരുളുകതന്നെ ചെയ്യും."

"അദ്ദേഹം ന്യായപ്രമാണം നശിപ്പിക്കുവാനല്ലാ. അതിന്റെ പൂർത്തീകരണത്തിനായി ട്ടാണു് വന്നിരിക്കുന്നതു്," ജോസഫ് പ്രശാന്തതയോടുകൂടിയെങ്കിലും ശക്തിപൂൎവ്വം പറഞ്ഞു. പിന്നീടു മടങ്ങിപ്പോകുവാൻ സമയമായിരുന്നതിനാൽ എണീററു് തുടൎന്നു: "പ്രൊക്കുറയിററർ, ഞാൻ പോകട്ടെ, അങ്ങു് ബറാബാസിന്റെ കാൎയ്യത്തിൽ യാതൊന്നും ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ലെന്നു എനിക്കു ധരിക്കാമല്ലൊ?"

"ജോസഫേ, ഞാൻ അങ്ങനെ പറഞ്ഞില്ല. രാജ്യദ്രോഹിയായ ബറാബാസിനെതിരായി എന്തെങ്കിലും നടപടി നടത്തുവാൻ ഞാനുദ്ദേശിക്കുന്നില്ലാ. എന്നാൽ പെരുങ്കള്ളനും കൊലപാതകിയുമായ ബറാബാസിനെ പിടികിട്ടിയാൽ ഞാൻ അവനെ വലികപ്പലിലേക്കയക്കുകയോ കുരിശിലേററുകയോ ചെയ്യും."

ആ ദമ്പതിമാരോടു് പ്രണാമപൂൎവ്വം യാത്ര പറഞ്ഞു് ജോസഫ് പിരിഞ്ഞു. പ്രൊക്കുറയിററർ അദ്ദേഹത്തെ തടഞ്ഞുമില്ല. ഒരു ഭടനാൽ അനുഗതനായി, പ്രശോഭിതമായിരുന്ന പുറത്തെ കോണിപ്പടികളിറങ്ങി അദ്ദേഹം ഏകാകിയായി യാത്ര തുടൎന്നു. ത്വരിതം ഊതിയ തണുത്തകാററു് ആശ്വാസപ്രദമായി ജോസഫിനു തോന്നി. വീതികുറഞ്ഞ വീഥികളിൽ ശരിയായ വെളിച്ചമില്ലാതിരുന്നതിനാൽ അദ്ദേഹം തപ്പിയും തടഞ്ഞുമാണു് നഗരത്തിലുണ്ടായിരുന്ന സ്വവസതിയിലെത്തിയതു്. പ്രൊക്കുറയിററുമായി നടന്ന സന്ദൎശനം ഒട്ടുംതന്നെ തൃപ്തികരമായില്ലാ. പീലാത്തോസ് സ്വീകരിച്ച രാഷ്ട്രീയം ഇസ്രായേലിന്റെ നന്മയ്ക്കുപകരിക്കുമെന്നും തോന്നിയില്ലാ. ബറാബാസിനുകവൎച്ചയുംകൊലയും നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകുന്നതായിരുന്നു ആ രാഷ്ട്രീയം. നസ്രായൻ ഈശോയുടെ നേരെ പീലാത്തോസ് പ്രകടിപ്പിച്ച പാരുഷ്യത്തിനു കടകവിരുദ്ധമായിരുന്നു അദ്ദേഹത്തിന്റെ ബറാബാസ്നയം. ഇതിനുള്ള ഹേതുവെന്തായിരിക്കാമെന്നു ജോസഫ് വിസ്മയിച്ചു.

നസ്രായന്റെ അത്ഭുതകൎമ്മങ്ങളും മറവുപ്രവൎത്തനങ്ങളും അത്യധികം ആശങ്കാപൂൎവ്വമാണു് അക്ഷരജീവികളും ആചാൎയ്യവൎഗ്ഗത്തിൽപ്പെട്ട വിവിധശ്രേണികളിലെ അംഗങ്ങളും വീക്ഷിച്ചുകൊണ്ടിരുന്നതു്. ഇതിന്റെ കാരണം ആശുഗ്രാഹ്യമായിരുന്നു. ആ കൂട്ടർ ബഹുജനങ്ങളുടെയിടയിൽ സ്വാമിത്വത്തിനു വേണ്ടി പ്രയത്നിച്ചുകൊണ്ടിരുന്നു. നസ്രായന്റെശക്തി അഭിവൃദ്ധി പ്രാപിക്കുന്നതോടുകൂടി അവരുടേതു് ക്ഷയിച്ചുവരുകയായിരുന്നു. എന്നാൽഗവർണ്ണരുടെ വ്യഗ്രതയ്ക്കെന്തുബന്ധം? ഗുരുവിന്റെ ഉപദേശങ്ങൾ അദ്ദേഹത്തെ സംബന്ധിക്കുന്നവയായിരുന്നില്ല. സാന്നെദ്രീൻ തീരുമാനിക്കുന്നതു് നസ്രായന്നനുകൂലമാണെന്നു പീലാത്തോസ് ചിന്തിച്ചുവെങ്കിൽ എന്തൊരു ഹ്റസ്വദൃഷ്ടി!

ശക്തിയായ ആകുലത അരിമത്ത്യനിൽ വ്യാപിച്ചു. ഗുരുവിനെപ്പററി ചിന്തിച്ചു് ജോസഫ് അസ്വസ്ഥനായി. തമോമയശക്തികൾ ഗുരുവിനെതിരായി അണിനിരക്കുന്നതായി ജോസഫ് വിശ്വസിച്ചു. ബറാബാസ്, അക്ഷരജീവികൾ, ഗവർണ്ണർ ഇവർ പരസ്പരം കലഹിച്ചും ദ്രോഹിച്ചും കഴിഞ്ഞുവെങ്കിലും ഇവരെല്ലാവരും നസ്രായവിരുദ്ധമനഃസ്ഥിതിയോടുകൂടി വൎത്തിച്ച സംയുക്തശക്തികളായിരുന്നു.

സ്വവസതിയിലെത്തി മുട്ടികയെടുത്തു ഘനംകൂടിയ വാതിലിന്മേൽ ജോസഫ് രണ്ടുമൂന്നു തട്ടി. അപ്പോഴേക്കും ദ്വാരപാലകൻ വന്നു് കതകുതുറന്നു. അയാളുടെ കൈയിലുണ്ടായിരുന്ന ചെറുവിളക്കിന്റെ ദീപം ജോസഫ് ഉള്ളറകളിലേക്കു കടന്നുപോകുകയിൽ ഭിത്തികളിന്മേൽ വികടചിത്രങ്ങൾ നിൎമ്മിച്ചു. ആൾപാൎപ്പില്ലാതിരുന്ന ബൃഹത്തായ ഈ പുരാതനഭവനം സംബന്ധിച്ചു് അസുഖകരമായ ഒരന്തരീക്ഷം ജോസഫ് ദർശിച്ചു; മുമ്പെങ്ങും അനുഭവപ്പെടാതിരുന്ന ഏകാന്തതയുടെ ഒരു ചിന്ത അദ്ദേഹത്തെ അലട്ടുകയും ചെയ്തു. താൻ വിവാഹം കഴിക്കാതിരുന്നതെന്തുകൊണ്ടെന്നു് പ്രൊക്കുറെററർ ഉന്നയിച്ച ചോദ്യം ജോസഫിന്റെ സ്മൃതിപഥത്തിലെത്തി. അതോടുകൂടി മഗ്ദാലായിലെ മറിയയുടെ പേരിൽ ഒരു കാലത്തു തോന്നിയിരുന്ന വാത്സല്യാതിരേകത്തെപ്പററിയുള്ള ചിന്തയും. മറിയ സ്വസ്നേഹിതന്റെ സഹോദരിയായിരുന്നുവെങ്കിലും അവളുടെ ദമരഹിതമായ പെരുമാററം ആ ലോലവികാരത്തിനു വിരാമംവരുത്തുവാൻ ജോസഫിനെ നിർബന്ധിച്ചു. ഒരൊന്നാന്തരം ഗൃഹനായികയാകാവുന്നമൎത്തായെപ്പററിയായിരുന്നു പിന്നീടുള്ള ചിന്ത. മൎത്താ ജോസഫിന്റെ പ്രേമപ്രഖ്യാപനത്തെ പ്രതീക്ഷിച്ചു കഴിയുകയാണെന്നുതന്നെ വരും. വിവാഹം ഏതായാലും അഹിതമല്ല. ഒരുപക്ഷെ......ഏതായാലും വേറൊരവസരത്തിലേക്കു മാററിവയ്ക്കേണ്ട ആലോചന. തല്ക്കാലം വൻകാൎയ്യങ്ങൾകൊണ്ടു് അന്തരീക്ഷം അലതല്ലുകയാണു്. ഇസ്രായേലിൽ അസ്വാസ്ഥ്യം കുടികൊള്ളുന്നു. കാലത്തിന്റെ ഭാരം തനിയെ പേറുകതന്നെ ഭേദം.

ഭൃത്യൻ അത്താഴത്തിനുള്ള വിഭവങ്ങൾ കൊണ്ടുവന്നതു് അരിമത്ത്യൻജോസഫ് അറിഞ്ഞില്ലെന്നുതന്നെ പറയാം. ജോസഫിന്റെ ജോലിയിൽ ഏൎപ്പെട്ടിട്ടു് വത്സരങ്ങൾ പലതു തള്ളിനീക്കിയ പ്രായംകൂടിയ ഒരാളായിരുന്നു ആ പരിചാരകൻ. ആ ഭവനത്തിന്റെ സംരക്ഷണവും അയാളുടെ കൃത്യങ്ങളിൽ പെട്ടു. മേഘലേശമില്ലാതിരുന്ന ആകാശത്തിലേക്കു കണ്ണോടിച്ചു് ചിന്താനിമഗ്നനായി ജോസഫ് വാതായനത്തിങ്കൽ നില്ക്കവേ സേവകൻ സംഭാഷണം ആരംഭിച്ചു: "അച്ചനും, നക്ഷത്രം നോക്കുകയായിരിക്കുമോ?"

ജോസഫ് ആശ്ചൎയ്യഭരിതനായി അയാളെ നോക്കി: "ഏതു നക്ഷത്രം?"

"ആകാശത്തിൽ ഒരു പുതിയ നക്ഷത്രം കാണുന്നുണ്ടെന്നാളുകൾ പറയുന്നുണ്ടു്. ദാവീദിൻ നക്ഷത്രമെന്നു് പലരും അതിന്റെ പേരു പറഞ്ഞു. ദാവീദിന്റെ കാലത്തു് അതു കാണപ്പെട്ടുവെന്നും പിന്നീടു് കാണാതെയായെന്നുമാണു കഥ."

"ആരൊക്കെയാണു ഈ നക്ഷത്രത്തിന്റെ കഥയുംകൊണ്ടു നടക്കുന്നതു്?" ജോസഫ് സഗൗരവം ചോദിച്ചു.

നല്ല നിശ്ചയമില്ലാത്ത രീതിയിൽ ഭൃത്യൻ ഉത്തരം നൽകി: "ബറാബാസിന്റെ കൂട്ടർ."

"താനും ആ കൂട്ടത്തിലൊന്നാണോ?"

"അല്ലച്ചാ. എന്നാൽ അയാൾ ഇസ്രായേലിനു സ്വാതന്ത്ര്യമുണ്ടാക്കുമെന്നു ഒട്ടുവളരെ ആളുകൾ വിശ്വസിക്കുന്നുവത്രെ."

"ബറാബാസ് ഒരു പെരുങ്കള്ളനാണു്. ആകാശത്തിൽ പുതിയ നക്ഷത്രമൊന്നുമില്ല." ജോസഫിന്റെ ഈ വിജ്ഞാപനത്തെത്തുടൎന്നു് ഭൃത്യൻ അപ്രത്യക്ഷനായി.

അത്താഴത്തിനുശേഷം അടുത്തുണ്ടായിരുന്ന ഒരു ചെറുമുറിയിൽ ജോസഫ് പ്രവേശിച്ചു. അവിടെ അനേകശതം ചൎമ്മപത്രങ്ങൾ ചുരുൾചുരുളായി അടുക്കിവച്ചിരുന്നു. ഇസ്രായേൽജനത്തിന്റേയും സംസ്കാരസമ്പന്നങ്ങളായ പാശ്ചാത്യരാജ്യങ്ങളുടേയും ആദ്ധ്യാത്മികസാഹിത്യദ്രവ്യസഞ്ചയം ഇവയുൾക്കൊണ്ടു. ഏതാനും നിമിഷങ്ങൾ ജോസഫ് അനിശ്ചിതാവസ്ഥയിൽ കഴിച്ചു. ഇന്നത്തെ രാത്രിയിൽ എന്തു വായിക്കുവാനാണു്? യവനരേയോ റോമന്മാരേയോ, ആരെ തിരഞ്ഞെടുക്കണം? അവരെല്ലാം, അവരിൽ സൎവ്വോത്തമനായ പ്ലെയിറോപോലും, ഗാഢമായിത്തോന്നി. സോളമന്റെ കീൎത്തനപട്ടയം ജോസഫ് കൈയിലെടുത്തു. ഉടൻതന്നെ അതിനെ പൂൎവ്വസ്ഥാനത്തുവച്ചു. കാവ്യം അപ്പോൾ ഹൃദ്യമായില്ല. ഈ ഗ്രന്ഥങ്ങളും അവയിലെ അസ്പഷ്ടപ്രവചനങ്ങളും അവയുടെ പൂൎത്തീകരണം കരഗതമായ സ്ഥിതിക്കു് പ്രയോജനരഹിതങ്ങളല്ലൊ.

ആകാശത്തിൽ ദാവീദിൻ നക്ഷത്രം! ദ്വാരപാലകന്റെ ആശയം അരിമത്ത്യൻജോസഫ് ഗ്രഹിച്ചു. അഹോ, ആശയങ്ങളുടെ ത്വരിതപ്രവാഹം! ജനങ്ങൾ ബറാബാസിന്റെ നക്ഷത്രത്തിൽ വിശ്വസിച്ചുവശാകുന്ന സംഗതി സ്വന്തം ഭൃത്യൻ ജോസഫിനെ അനുസ്മരിപ്പിക്കുന്നു! എന്തന്ധത! എത്രമാത്രം ഭ്രാന്തി!!

ജോസഫ് ചെറുമുറി അടച്ചശേഷം പ്രശാന്തനായിരിപ്പുറപ്പിച്ചുകൊണ്ടു് നസ്രായൻ ഈശോയുടെ ചിത്രം തന്റെ മാനസചക്ഷുസ്സമക്ഷം ആവഹിച്ചു. ഈശോ ഉച്ചരിച്ച ഓരോ വാക്കും ധ്യാനവിഷയമാക്കി, ഓരോന്നും പുനഃശ്രവിക്കുന്നതായി ജോസഫ് സങ്കല്പിച്ചു. ആ സൂക്തികളെ ആസകലം, മനസ്സിന്റെ വിമൎശകപ്രസക്തികൊണ്ടല്ലാ, ഹൃദയവിനമ്രതയിൽനിന്നുളവായ വിശ്രംഭംമൂലം അദ്ദേഹം ആസ്വദിക്കുകയുംചെയ്തു. (തുടരും)

HEARTY THANKS



TO SR. ALPHONSA
FOR FAVOURS
RECEIVED
N. J. Raphael, Bombay

(10-ാം പേജ് തുടർച്ച)

ണ്ടു്, അതെ ഒരു യാചനയോടുകൂടി എഴുത്തു നിറുത്താം. ദൈവാനുഗ്രഹത്താൽ അടുത്ത മാർച്ചു് 26-ാം തീയതി എനിക്കു് വൈദികപട്ടം കിട്ടുന്നതും 28-ാം തീയതി സ്വന്തം ഇടവകപ്പള്ളിയിൽ വന്നു് ദിവ്യബലിയൎപ്പിക്കുന്നതുമാണു്. സ്നേഹിതന്റെ വിലയേറിയ പ്രാൎത്ഥനയെ യാചിച്ചുകൊണ്ടു് പ്രാൎത്ഥനയുടെ ഐക്യത്തിൽ നിറുത്തുന്നു.


എന്നു്
സ്വന്തം സ്നേഹിതൻ
ബ്ര: ജയിംസ് (ഒപ്പു്)

ഇപ്പോൾ മാത്രമേ തന്റെ സ്നേഹിതന്റെ സ്നേഹത്തിന്റെ മാറററിയുവാൻ അയാൾക്കു സാധിച്ചുള്ളു. ഹാ! ഇനിയെങ്കിലും ആ മോഹനരൂപം ഒന്നു കാണുവാൻ സാധിക്കുമല്ലോ. ഇനിയെങ്കിലും മധുരിമയൊഴുകുന്ന ആ പുഞ്ചിരി ഒന്നു കാണുവാൻ സാധിക്കുമല്ലോ.

x x x

മാർച്ചു് 28. ദിവ്യബലിക്കുള്ള സകല ഒരുക്കങ്ങളും തീർന്നു. കർബാന കഴിഞ്ഞാൽ തന്റെ ആത്മസ്നേഹിതനെ കാണുവാൻ സാധിക്കുമല്ലോയെന്നോൎത്തു് ജോസ് പള്ളിയിൽ മുട്ടുകുത്തിനില്ക്കുകയാണു്. തന്റെ പഴയ ജീവിതത്തെപ്പററി അയാൾ ഹൃദയം നൊന്തു പ്രാൎത്ഥിക്കുന്നുണ്ടു്. കർബാനകഴിഞ്ഞു് ഫാ. ജയിംസ് കൈമുത്തിക്കുവാൻ പള്ളിയങ്കണത്തിലേക്കിറങ്ങി. വമ്പിച്ച ആ ജനതതിയുടെയിടയിൽ ദൃഷ്ടി താഴ്ത്തിനില്ക്കുന്ന ജോസിനെ അദ്ദേഹം കണ്ടു. അദ്ദേഹം അയാളെ ആപാദചൂഡം ഒന്നുനോക്കി. തന്റെ പ്രാണസ്നേഹിതനെ കണ്ടപ്പോൾ ഫാദർ ജയിംസിന്റെ കണ്ണിൽനിന്നും വീണ കണ്ണുനീർ ജോസ് കണ്ടോ ആവോ?

സോവാർ പ്രീമാ സ്പെഷ്യൽ"



സൈസ് 10½
ആൾപ്രൂഫ്
സെൻറർസെക്കണ്ട്സ്
എവർബ്രൈററ്
സ്ററീൽ കേസ്
Price Rs. 180

"സോവാർ പ്രീമാ"
സൈസ് 8¾
ആൾപ്രൂഫ്
സെൻറർസെക്കണ്ട്സ്
എവർബ്രൈററ് സ്ററീൽ കേസ്
Price Rs. 185

ANTONEYS

കണിയാമ്പുറം ബ്രദേഴ്സ്
വാച്ചുകമ്പനി
ബ്രോഡ്വേ, എറണാകുളം
PHONE. NO 501, TEL; GRAMS "KANIAMPURM." POST. BOX. NO.82


Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam July 27 1955 No. 48




# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഒരു കുട്ടിക്കു നന്നായി പെരുമാറണമെങ്കിൽ പല തരത്തിലുള്ള പ്രേരണകളെ നിയന്ത്രിക്കേണ്ടിവരുമെന്നു എല്ലാവർക്കും അനുഭവമുള്ളതാണല്ലോ. സ്വഭാവരൂപവൽക്കരണത്തിലെ വലിയൊരു ഭാഗമാണതു്. കുട്ടികൾക്കു പ്രത്യേകിച്ചും വളരെയധികം ജിജ്ഞാസയുണ്ടു്. അവർക്കു അവരുടെ കണ്ണിൽപെടുന്നതും, കാതുകളിൽ പെടുന്നതുമെല്ലാം കഴിവുള്ളിടത്തോളം കാണുകയും കേൾക്കുകയും ചെയ്യണം. അറിവു സമ്പാദിക്കുന്നതിനു നൈസർഗ്ഗികമായുള്ള പ്രചോദനമാണിതു്. പക്ഷെ, അവയിൽ എന്തു കാണണം, എന്തു കാണരുതു്, എന്തു കേൾക്കണം, എന്തു കേൾക്കരുതു് എന്നു വിവേചിച്ചു് ബുദ്ധിപൂർവ്വകമായി പ്രവർത്തിക്കുന്നതിലാണു് സ്വഭാവസംസ്കരണം. അതാണു് ദോമിനി കാണിച്ചുതന്ന മാതൃക. പൈശാചികമായ രംഗങ്ങൾ ദോമിനിക്കു കാണണ്ടാ. കൂട്ടുകാർ പ്രേരിപ്പിച്ചാലും ദോമിനി നോക്കുകയില്ല. ഈ മനസ്ഥിതി നമ്മിലും ഉണ്ടാകട്ടെ. വല്യേട്ടൻ




## 32-ാം നമ്പ്ര് പ്രശ്നത്തിൻെറ മാതൃകാഉത്തരങ്ങൾ

| | | | | | |
|---|---|---|---|---|---|
| മാ | വി | ല | മാ | ല | തി |
| വി | ല | സി | ല | തി | ക |
| ല | സി | ച്ചു | തി | ക | ഞ്ഞു. |

## പ്രശ്നം നമ്പ്ര് 33

(ടി. വി. ജോസഫ്, കൊഴുവനാൽ)

ഞാൻ നിങ്ങളുടെ ഒരുത്തമസുഹൃത്താണു്. എൻെറ പേരിനു നാലക്ഷരം. ഒന്നാമത്തെ അക്ഷരം ബാപ്പുജീയിലുണ്ടു്, നേതാജിയിലില്ല; രണ്ടാമത്തെ അക്ഷരം മലയാളത്തിലുണ്ടു്, ഇംഗ്ലീഷിലില്ല; മൂന്നാമത്തെ അക്ഷരം അംബരത്തിലുണ്ടു്, അമ്പലത്തിലില്ല; നാലാമത്തെ അക്ഷരം വിഭാഗത്തിൽ കാണാം, വിഘാതത്തിൽ കാണില്ല. എൻെറ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## അവരുടെ സ്നേഹം

(ഗ്രേസിക്കുട്ടി കെ. സി. ചെങ്ങളം)

നേരം ഇനിയും ആറരമണിയിൽ കൂടുതലായിട്ടില്ല. അവരെന്നും എത്താറുള്ള ആ കടൽത്തീരത്തു് അവർ എത്തിക്കഴിഞ്ഞു. എന്തിനു്, സായംകാലത്തെ കുളിർമയേറുന്ന കാററുകൊള്ളുവാൻ. അങ്ങകലെ ചക്രവാളവളപ്പിൽ അസ്തമനസൂര്യൻ ചില ചിത്രങ്ങൾ വരയ്ക്കുകയാണു്. ആ ചിത്രങ്ങളെ, അതെ ത്രിലോകനിയന്താവായ യേശുക്രിസ്തുവിൻെറ അത്ഭുതസൃഷ്ടികളേയും, അവയുടെ വർണ്ണഭേദങ്ങളേയും നോക്കിനിന്നുകൊണ്ടു് ആ യുവഹൃദയങ്ങൾ കോൾമയിർകൊള്ളുകയാണു്.

അവർ ആരാണെന്നോ; ഒരു ഹൃദയവും രണ്ടു ശരീരവും എന്നമട്ടിൽ ജീവിക്കുന്ന രണ്ടു യുവാക്കൾ—ജയിംസും, ജോസും—ആ നാട്ടിലെ രണ്ടു പ്രശസ്തതറവാടുകളിലെ രണ്ടംഗങ്ങൾ. ഒരേസ്കൂളിൽ, ഒരേക്ലാസിൽ തോളുരുമ്മിയിരുന്നു പഠിക്കുന്ന രണ്ടു വ്യക്തികൾ. ആത്മാർത്ഥസ്നേഹം കടഞ്ഞെടുത്ത രണ്ടു കോമളഹൃദയങ്ങൾ. നിർമ്മലസ്നേഹത്തിൻെറ ഈടുററ ഈരടികൾ പാടുന്ന രണ്ടു "ഇണപ്രാവുകൾ." അവരുടെ സ്നേഹവും, നടപ്പും, എടുപ്പും കണ്ടാൽ വാനത്തുനിന്നിറങ്ങിയ രണ്ടു വാനാരൂപികളാണെന്നു ഒററനോട്ടത്തിൽ ആരും പറഞ്ഞുപോകും. അവർ "രണ്ടു" പേരും ആ കടൽത്തീരത്തു് എത്താത്ത ദിവസങ്ങൾ കുറവാണു്. രണ്ടുപേരും ഇക്കൊല്ലം ഇൻറർമീഡിയററു് പാസായതാണു്. കോളേജിലെ മിഷൻലീഗിൻേറയും, സൊഡാലിററിയുടേയും അംഗങ്ങളാണവർ. ജയിംസിൻെറ ഇംഗിതത്തിനു വിപരീതമായി പ്രവർത്തിക്കുകയാകട്ടെ, പറയുകയാകട്ടെ ജോസ് ചെയ്തിരുന്നില്ല.

ജയിംസിനു് ഇനി കോളേജിൽ പഠിക്കണമെന്നു് തീരെ ആഗ്രഹമില്ല. എന്നാൽ ജോസിനു ബി. എ. വരെ പഠിച്ചാൽ കൊള്ളാമെന്നൊരാഗ്രഹംകൂടിയുണ്ടു്. ഇൻറർ പാസായതിൽപ്പിന്നെ അന്നവർ ആദ്യമായി കാണുകയാണു് ആ കടൽത്തീരത്തുവച്ചു്. ഏറിയകാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ അവരുടെ ഭാവിപരിപാടികളെക്കുറിച്ചും അവർ അന്യോന്യം പറഞ്ഞു. ജയിംസിനെ നേരത്തെതന്നെ പിടികൂടിയതാണു് മിഷൻചിന്ത. ജയിംസിൻെറ അനന്തരപരിപാടിയും അതുതന്നെയാണു്. അന്നവർ ഏറിയകാര്യങ്ങളെപ്പററി പറഞ്ഞ കൂട്ടത്തിൽ ജയിംസ് മിഷൻകാര്യങ്ങളെപ്പററി ഒരു സൂചനനൽകി. ഒരു വൈദികനായാലത്തെ ശാന്തിയും സമാധാനവും, ഒരു വൈദികൻെറ നില, അദ്ദേഹത്തിനു് മിഷൻരംഗങ്ങളിൽ ചെയ്യാൻ സാധിക്കുന്ന പല നല്ലപ്രവൃത്തികൾ, ഇതെല്ലാമായിരുന്നു ജയിംസിൻെറ വിശദീകരണം. ഈവക കാര്യങ്ങൾ ജോസിനത്ര ഇഷ്ടമില്ലെങ്കിലും തൻെറ ആത്മസ്നേഹിതൻെറ മുമ്പിൽ തൻെറ നീരസം കാണിക്കുവാൻ അയാൾ ധൈര്യപ്പെട്ടില്ല.

രണ്ടു ഹൃദയങ്ങൾ തമ്മിൽ പിരിയുന്ന രംഗം, ജയിംസ് മിഷനിലേക്കും, ജോസ് കോളേജിലേക്കും.

x x x

ജോസ് കോളേജിൽ പ്രവേശിച്ചെങ്കിലും അധികനാൾ കഴിയുന്നതിനുമുമ്പു് കോളേജ് വിടേണ്ടതായി വന്നു. ജയിംസ് പോയതിൽപിന്നെ ജോസിനു രണ്ടു കൂട്ടുകാരെകിട്ടി—ഭാസ്കർ, ജോർജ്—തികഞ്ഞ കമ്മ്യൂണിസ്റ്റുകളും നിരീശ്വരവാദികളും. ജോസിനെ തങ്ങളുടെ പാട്ടിലാക്കുന്നതിനു്, അതെ വഞ്ചനയെന്തെന്നു കണ്ടറിഞ്ഞിട്ടില്ലാത്ത ആ ഹൃദയത്തെ വഴക്കുന്നതിനു് അവർക്കധികനാൾ വേണ്ടിവന്നില്ല. പുതിയ കൂട്ടുകാരുടെകൂടെ കൂടി ജോസ് പല വിക്രിയകളും കാട്ടിക്കൂട്ടി. അധികം താമസിയാതെ അവർ മൂവരും കോളേജിനു പുറത്തു്.........

ഇലഞ്ഞിമരങ്ങൾ പലവുരു പൂക്കുകയും കായ്ക്കുകയുംചെയ്തു. ജോസ് ഇന്നൊരു കുടുംബനാഥനാണു്. ദാരിദ്ര്യത്തിൻേറയും പട്ടിണിയുടേയും ന്൦ൃത്തരംഗമാണു് ഇന്നാ ഭവനം. കമ്മ്യൂണിസ്റ്റു വഞ്ചകരുടെ ചതിയുടെ ഫലം. ഇങ്ങനെ ദിനങ്ങൾ തള്ളിവിട്ടുകൊണ്ടിരിക്കുമ്പോൾ അയാൾക്കൊരു കത്തുകിട്ടി. തുടിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന അധരങ്ങളോടുംകൂടി മാത്രമേ അയാൾക്കു ആ കത്തു വായിക്കുന്നതിനുസാധിച്ചുള്ളു. ഹാ! ഞാനിത്ര വഞ്ചകനോ, ഇത്ര മിത്രകൃതഘ്നനോ, എന്നിങ്ങനെ പുലമ്പിക്കൊണ്ടു് അയാൾ ആ കത്തു പലവുരു ഇങ്ങനെ വായിച്ചു:

(സ്ഥലം)
27-1-55

പ്രിയ സ്നേഹിതാ, ജോസേ,

ഈ കത്തു് ആരാണയക്കുന്നതെന്നു് സ്നേഹിതൻ വിചാരിക്കുന്നുണ്ടായിരിക്കും. ആത്മാർത്ഥസ്നേഹത്തിൻെറ കടഞ്ഞെടുത്ത കാലുകൾപോലെ വിരാജിച്ചിരുന്ന നമ്മൾ, ഹാ! നമ്മുടെ സ്കൂൾ ജീവിതത്തിലെ നിർമ്മലങ്ങളായ രംഗങ്ങൾ, അവയെല്ലാം എങ്ങോ ഓടിയൊളിച്ചു. ആത്മാർത്ഥസ്നേഹികളെ അകററുവാനെന്നോണം ഒരു കാലയവനിക നീണ്ടുകിടക്കുന്നു. എൻെറ സ്നേഹിതാ, എല്ലാം പോകട്ടെ, ദൈവം ക്ഷമിക്കും.

പ്രിയ സ്നേഹിതാ, ഒരു സന്തോഷവർത്തമാനം പറഞ്ഞുകൊ

(ശേഷം 9-ാംപേജിൽ)

Permissu Ecclesiasticó
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—I